# റബ്ബർ

ആഗസ്റ്റ് 2025 • വാർഷികവരിസംഖ്യ ₹100

- വളപ്രയോഗശുപാർശകൾ സംസ്ഥാനാടിസ്ഥാനത്തിൽ
- റബ്ബറുത്പാദന പ്രോത്സാഹനപദ്ധതി
- കാർഷികപഠനയാത്രകൾ
- മോഡേൺ ആയി മോഡൽ ആർ.പി.എസ്.



## വളമിടീൽ ശാസ്ത്രീയമാക്കാം


CHEERAKUZHY
Wonder Root™
ROOT TRAINER RU BBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ.സി.കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും
WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.
വണ്ടർ റൂട്ട് തൈകൾ
അടുത്ത സീസണിലേക്ക്
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!
കൂടുതൽ വിവരങ്ങൾക്ക്
9747500600
8592900400
ലഭ്യത പരിമിതം
ഉടൻ ബുക്ക് ചെയ്യുക
ചീരക്കുഴി
CHEERAKUZHY ®
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 08592900400
09447011047. 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

UNION MKD

# ഉള്ളടക്കം


07 | മണ്ണും ഇലയും പരിശോധിച്ച് ശാസ്ത്രീയമായി വളമിടാം

12 | വളപ്രയോഗശുപാർശകൾ സംസ്ഥാനാടിസ്ഥാനത്തിൽ

15 | കർഷകർക്ക് കരുതലായി റബ്ബറുത്പാദന പ്രോത്സാഹനപദ്ധതി

19 | കാർഷികപഠനയാത്രകൾ

22 | മോഡേണായി മോഡൽ ആർ.പി.എസ്.

25 | റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷം - മത്സരങ്ങൾ

27 | കോൾ സെന്റർ

34 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ





711

# റബ്ബർ

ആഗസ്റ്റ് 2025



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



ചെയർമാൻ
**കെസാങ് വൈ. ഷെർപ്പ ഐ.ആർ.എസ്.**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ :
**കെ.കെ. ബെന്നി**



**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ
ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി,
റബ്ബർബോർഡ്, കോട്ടയം - 686 002
എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# റബ്ബർമാസികയ്ക്ക് 60 വയസ്സ്

റബ്ബർമാസിക പ്രസാധനത്തിന്റെ 60 വർഷം പൂർത്തിയാക്കിയിരിക്കുന്നു. റബ്ബർകൃഷിയും റബ്ബർതോട്ടവ്യവസായവുമായി ബന്ധപ്പെട്ട അറിവുകൾ പങ്കുവെച്ചുകൊണ്ട് ആറുദശാബ്ദങ്ങൾ പിന്നിട്ടു കഴിഞ്ഞ റബ്ബർമാസിക കർഷകർക്കിടയിൽ അതിന്റേതായ ഒരു ഇടം നേടിയെടുത്തിട്ടുണ്ട്. ഈ വജ്രജൂബിലി വർഷത്തിൽ, റബ്ബർമാസികയുടെ ആവേശകരമായ ആ യാത്രയും വായനക്കാരോട് അതുണ്ടാക്കിയ ബന്ധവും ഞങ്ങൾ അഭിമാനത്തോടെ ഓർക്കുന്നു. റബ്ബർകൃഷി പ്രചരിപ്പിക്കുക, ശാസ്ത്രീയ കൃഷിമുറകൾ കർഷകരിലെത്തിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ 1965-ൽതുടങ്ങിയ മാസിക കാലത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അതേ ലക്ഷ്യത്തോടെ തന്നെയാണ് ഇന്നും മുന്നോട്ടു നീങ്ങുന്നത്. ഇതിനിടെ മേഖലയ്ക്കുണ്ടായ വളർച്ചയും വെല്ലുവിളികളുമൊക്കെ മാസികയുടെ താളുകളിൽ പതിഞ്ഞിട്ടുണ്ട്. റബ്ബർകൃഷിയുടെ ആറു പതിറ്റാണ്ടിലെ വിജയകഥയിൽ ഗവേഷണ-വികസന പ്രവർത്തനങ്ങളോടൊപ്പം ഈ മാസികയ്ക്കും ഒരു എളിയ പങ്കുണ്ട്.

പ്രതിബദ്ധതയോടെ പ്രവർത്തിച്ച എഡിറ്റോറിയൽ സംഘം, ലേഖകർ, പ്രിയപ്പെട്ട വായനക്കാർ എന്നിവരുടെയെല്ലാം സഹകരണമാണ് ഒരു വിളയെ മാത്രം ആസ്പദമാക്കി മാസംതോറുമുള്ള പ്രസാധനം സാധ്യമാക്കിയത്. മാസികയുടെ പ്രചാരണത്തിനും വരിക്കാരെ കണ്ടെത്തുന്നതിനും സഹായിച്ചുകൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഡിപ്പാർട്ടുമെന്റിലെ വിജ്ഞാനവ്യാപനോദ്യോഗസ്ഥരോടുള്ള കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു.

കർഷകരെ ചിന്തിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം, റബ്ബർ ബോർഡിന്റെ അറിയിപ്പുകൾ, റബ്ബർ സ്ഥിതിവിവരക്കണക്കുകൾ, റബ്ബർവില എന്നിവയെല്ലാം മാസിക വായനക്കാരിലെത്തിക്കുന്നു.

ഈ അവസരത്തിൽ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി ചില മത്സരങ്ങൾ ഞങ്ങൾ സംഘടിപ്പിക്കുകയാണ്. വിശദവിവരങ്ങൾ ഈ ലക്കത്തിൽതന്നെ കൊടുത്തിട്ടുണ്ട്.

റബ്ബർകൃഷിയുടെയും വ്യവസായത്തിന്റെയും നവീകരണത്തിനും പുരോഗതിക്കും വേണ്ടി മാസിക തുടർന്നും പ്രതിബദ്ധമായിരിക്കും എന്ന് ഒരിക്കൽ കൂടി പ്രസ്താവിക്കട്ടെ.

- എഡിറ്റർ



# റബ്ബർതോട്ടവ്യവസായത്തിൽ തോട്ടംതൊഴിലാളികളുടെ പങ്ക് നിർണായകം

രാജ്യത്തെ റബ്ബർതോട്ടവ്യവസായത്തിൽ ഒഴിച്ചുകൂടാനാകാത്ത ഒരു വിഭാഗമാണ് റബ്ബർതോട്ടംതൊഴിലാളികൾ. റബ്ബർതോട്ടങ്ങളുടെ സുസ്ഥിരതയ്ക്കും ഉത്പാദനക്ഷമതയ്ക്കും അവരുടെ പ്രതിബദ്ധതയും വൈദഗ്ദ്ധ്യവും വളരെ പ്രധാനമാണ്. നിലവിൽ തോട്ടംമേഖല വൈദഗ്ധ്യമുള്ള ടാപ്പർമാരുടെ കടുത്ത ക്ഷാമം നേരിടുന്നു. ഒരു ലക്ഷം ഹെക്ടറിലധികം റബ്ബർതോട്ടങ്ങൾ ഇവിടെ ടാപ്പുചെയ്യാതെ കിടക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇങ്ങനെ തോട്ടങ്ങൾ ടാപ്പുചെയ്യാതെയിരിക്കുന്നത് ആഭ്യന്തര റബ്ബറുത്പാദനത്തിനും ആവശ്യകതയ്ക്കും ഇടയിൽ ഒരു ഗണ്യമായ വിടവ് ഉണ്ടാകുന്നതിന് കാരണമാകും. പ്രാദേശികമായി ഉണ്ടാകുന്ന റബ്ബറിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ ഇറക്കുമതിക്ക് വ്യവസായികൾ നിർബന്ധിതരാകുകയും ചെയ്യും.

ടാപ്പിങ്തൊഴിലാളികൾ മികച്ച തൊഴിൽസാധ്യതകൾ തേടി മറ്റു മേഖലകളിലേക്ക് കുടിയേറുന്നതിനാൽ പരമ്പരാഗതമായി ഈ തൊഴിലിലേർപ്പെടുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. ഇത് ചെറുകിടകർഷകരുടെ ഉപജീവനമാർഗത്തെയും മേഖലയുടെ സുസ്ഥിരതയെയും ബാധിക്കും. ഇന്ന് യുവാക്കൾ ടാപ്പിങ് മേഖലയിലേക്ക് കൂടുതലായി കടന്നുവരുന്നില്ല എന്നത് ആശങ്കാജനകമാണ്. അതിനാൽ ഈ തൊഴിൽ യുവാക്കൾക്കിടയിൽ ആകർഷകമാക്കേണ്ടതുണ്ട്. സുസ്ഥിരമായ ഒരു തൊഴിൽ സംസ്കാരം ഈ രംഗത്ത് ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെ ഇത് സൂചിപ്പിക്കുന്നു. ഇതിനായുള്ള നടപടികൾ റബ്ബർബോർഡ് സ്വീകരിച്ചുവരുന്നു. പുതിയ തലമുറയിലെ യുവാക്കൾ, സ്ത്രീകൾ, ചെറുകിട റബ്ബർകർഷകർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട്, ടാപ്പിങ് വൈദഗ്ധ്യമുള്ളവരെ വാർത്തെടുക്കുക എന്ന ഉദ്ദേശ്യത്തോടെ റബ്ബർകൃഷിയുള്ള പ്രദേശങ്ങളിലെല്ലാം റബ്ബർബോർഡ് നൈപുണ്യവികസനപരിപാടികൾ നിരന്തരമായി നടത്തിവരുന്നു. ചെറുകിടകർഷകരെ തോട്ടങ്ങൾ സ്വയം ടാപ്പുചെയ്യാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ റബ്ബർബോർഡ് സ്വയം ടാപ്പിങ് പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. സ്ത്രീകളെ ടാപ്പിങ് രംഗത്തേക്ക് കൂടുതലായി കൊണ്ടുവരാനുള്ള നടപടികളും എടുത്തുവരുന്നു. ഇത് നാട്ടിൻപുറങ്ങളിൽ പുതിയ വരുമാനമാർഗങ്ങൾ സൃഷ്ടിക്കാനും അവിടങ്ങളിലെ സമഗ്രവളർച്ചയ്ക്കും സഹായകമാകും. ഇതോടൊപ്പം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, വൈദ്യസഹായം, ഇൻഷ്വറൻസ് പരിരക്ഷ, വിരമിക്കൽ ആനുകൂല്യങ്ങൾ, സ്ത്രീ തൊഴിലാളികൾക്കുള്ള വിവാഹധനസഹായം എന്നിങ്ങനെ വിവിധ ക്ഷേമപദ്ധതികൾ റബ്ബർമേഖലയിലെ തൊഴിലാളികൾക്കായി ബോർഡ് നടപ്പാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തികവർഷം വിവിധ തൊഴിലാളിക്ഷേമപദ്ധതികൾക്കായി 6.42 കോടി രൂപ റബ്ബർബോർഡ് ചെലവുചെയ്തിട്ടുണ്ട്.

തോട്ടംതൊഴിലാളികൾ, കർഷകർ, എസ്റ്റേറ്റ് ഉടമകൾ തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ടവർ, നയരൂപീകരണ വക്താക്കൾ, തുടങ്ങി എല്ലാവരും ഒരുമിച്ചുനിന്നുകൊണ്ടുള്ള ഒരു നടപടി റബ്ബർടാപ്പിങ് രംഗത്ത് ഇന്ന് ആവശ്യമാണ്. ടാപ്പിങ്തൊഴിലാളികളുടെ നിർണായക പങ്ക് തിരിച്ചറിഞ്ഞുകൊണ്ട് അവരെ ഈ മേഖലയിൽ പിടിച്ചുനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക വഴി ഇന്ത്യയുടെ റബ്ബർവ്യവസായത്തിന് ആഗോളതലത്തിൽ മത്സരാധിഷ്ഠിതവും സുസ്ഥിരവുമായ ഒരു ഭാവി നമുക്ക് ലഭ്യമാക്കാനാകും.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്

# കെസാങ് വൈ. ഷെർപ്പ ഐ.ആർ.എസ്.
## റബ്ബർബോർഡ് ചെയർമാൻ



*കെസാങ് വൈ. ഷെർപ്പ ഐ.ആർ.എസ്.*

കെസാങ് വൈ. ഷെർപ്പ ഐ.ആർ.എസ്. റബ്ബർബോർഡ് ചെയർമാനായി ചുമതലയേറ്റു. പ്രിൻസിപ്പൽ കമ്മീഷണർ ഓഫ് ഇൻകംടാക്സ് റാങ്കിലുള്ള കെസാങ് വൈ. ഷെർപ്പ 1995 ബാച്ച് ഇന്ത്യൻ റവന്യൂ സർവീസ് (ഇൻകം ടാക്സ്) ഉദ്യോഗസ്ഥയാണ്. തന്റെ 29 വർഷത്തെ ഔദ്യോഗിക ജീവിതത്തിൽ, കോർപ്പറേറ്റ്, കോർപ്പറേറ്റിതര കേസുകളുടെ നികുതി സംബന്ധിച്ച കാര്യങ്ങളാണ് അവർ പ്രധാനമായും കൈകാര്യം ചെയ്തിട്ടുള്ളത്. ന്യൂഡെൽഹിയിലെ നാഷണൽ ഡിഫൻസ് കോളജിൽ നിന്ന് 58-ാമത് കോഴ്സ് പൂർത്തിയാക്കിയ അവർ സ്ട്രാറ്റജിക് & ഡിഫൻസ് സ്റ്റഡീസിൽ എം.ഫിൽ. -ഉം എടുത്തിട്ടുണ്ട്. ഭാരതസർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിലെ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ മെമ്പർ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അക്കാലത്ത്, അധ്യാപക പരിശീലനമേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിലും 2020-ലെ ദേശീയ വിദ്യാഭ്യാസനയം നടപ്പാക്കുന്നതിലും നിർണായക പങ്ക് വഹിച്ചു. സത്യജിത് റേ ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് സൊസൈറ്റിയിൽ ഭാരതസർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗം കൂടിയാണ് കെസാങ് വൈ. ഷെർപ്പ. നിലവിൽ വാണിജ്യമന്ത്രാലയത്തിൽ ജോയിന്റ് സെക്രട്ടറിയായ കെസാങ് വൈ. ഷെർപ്പയ്ക്ക് റബ്ബർബോർഡ് ചെയർമാന്റെ അധിക ചുമതലയാണ് നൽകിയിരിക്കുന്നത്. •






ഡോ. അമ്പിളി കെ.കെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# മണ്ണും ഇലയും പരിശോധിച്ച് ശാസ്ത്രീയമായി വളമിടാം

റബ്ബർമരങ്ങൾ ശരിയായി വളരുന്നതിലും മികച്ച ഉത്പാദനം നൽകുന്നതിലും ശാസ്ത്രീയമായ വളപ്രയോഗത്തിന് വളരെയധികം പങ്കുണ്ട്. വളപ്രയോഗം ശാസ്ത്രീയമാകുന്നതിലൂടെ റബ്ബർമരങ്ങൾക്ക് ആവശ്യമായ മൂലകങ്ങൾ ശരിയായ അളവിലും അനുപാതത്തിലും ലഭ്യമാക്കുന്നതിന് സാധിക്കുന്നു. അമിത വളപ്രയോഗം മൂലമുള്ള അധികച്ചെലവുകൾ ഒഴിവാക്കുന്നതിനും ശാസ്ത്രീയമായ വളപ്രയോഗരീതി കർഷകരെ സഹായിക്കുന്നു. വളപ്രയോഗത്തിനു മുമ്പ് മണ്ണിലെയും മരത്തിലെയും പോഷകങ്ങളുടെ ലഭ്യത മനസ്സിലാക്കുന്നതിന് മണ്ണും ഇലയും പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. പരിശോധനയ്ക്കായി തോട്ടങ്ങളിലെ മണ്ണും ഇലയും ഒരുമിച്ച് ശേഖരിക്കാൻ ഉചിതമായ സമയമാണിപ്പോൾ. മണ്ണുപരിശോധന മാത്രമാണ് ഉദ്ദേശിക്കുന്നതെങ്കിൽ മറ്റു സമയങ്ങളിലും ആകാവുന്നതാണ്. ദീർഘകാലവിളയായ റബ്ബറിന്റെ വളപ്രയോഗം അപക്വകാലഘട്ടത്തിലും ദീർഘമായ പക്വകാലഘട്ടത്തിലും വ്യത്യസ്തമായ അളവിലാണ്.

### വളർച്ചാകാലഘട്ടവും വളപ്രയോഗരീതികളും

വിവിധ വളർച്ചാകാലഘട്ടങ്ങളിൽ വളപ്രയോഗ ശുപാർശയിലും വളപ്രയോഗരീതികളിലും വ്യത്യാസമുണ്ട്. മണ്ണും ഇലയും പരിശോധിക്കാൻ സാധിക്കാത്തപ്പോൾ പൊതുവളപ്രയോഗ ശുപാർശ (General Fertilizer Recommendation - GFR) അനുസരിച്ച് വളം ചെയ്താൽ മതി. മണ്ണും ഇലയും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം (Discriminatory Fertilizer Recommendation - DFR) നടത്തുന്നതാണ് കൂടുതൽ നന്ന്. ഇങ്ങനെ ചെയ്യുമ്പോൾ മണ്ണ്, ഇല എന്നിവയുടെ പരിശോധനാഫലങ്ങൾക്കനുസരിച്ച് ഉചിതമായ വളങ്ങൾ ആവശ്യമായ തോതിൽ മാത്രം ചേർത്താൽ മതിയാകും. ഇത് മൂലകങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്താനും സഹായകമാണ്.

### സാമ്പിൾ ശേഖരണസമയം

മണ്ണ്, ഇല എന്നിവയുടെ സാമ്പിൾ ശേഖരണത്തിന് ഉചിതമായ സമയം ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയാണ്. പരമാവധി നവംബർ ആദ്യ ആഴ്ച വരെയാകാം. എന്നാൽ, മണ്ണ് മാത്രമാണ് ശേഖരിക്കുന്നതെങ്കിൽ നവംബർ മുതൽ മാർച്ച് വരെയുള്ള സമയവും പ്രയോജനപ്പെടുത്താവുന്നതാണ്. മണ്ണുപരിശോധനയിലൂടെ മണ്ണിലെ



*മണ്ണുസാമ്പിൾ ശേഖരിക്കുന്നതിനായി കുഴിയെടുക്കുന്നു*

പോഷക മൂലകങ്ങളുടെ ലഭ്യതയും ഇല പരിശോധനയിലൂടെ ചെടികളിലെ പോഷകന്യൂനതയും അറിയാൻ സാധിക്കും. ഇവ രണ്ടും കൂടി അവലോകനം ചെയ്ത്, മറ്റു ഘടകങ്ങളായ ഉത്പാദനം, രോഗങ്ങളുടെ തീവ്രത, മുൻപ് വളങ്ങൾ ചേർത്തതിന്റെ വിവരങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്താണ് ശാസ്ത്രീയ വളപ്രയോഗ ശുപാർശ ലഭ്യമാക്കുന്നത്.

**മണ്ണുസാമ്പിൾ ശേഖരണം – ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

വളങ്ങൾ ചേർക്കുന്നതിന് മുൻപുതന്നെ മണ്ണുസാമ്പിളുകൾ ശേഖരിക്കുന്നതാണ് ഉചിതം. അല്ലെങ്കിൽ വളപ്രയോഗം കഴിഞ്ഞ് രണ്ടു മാസത്തിനുശേഷമേ സാമ്പിൾ ശേഖരിക്കാവൂ. നടപ്പാത, വീട്, കാലിത്തൊഴുത്ത്, കമ്പോസ്റ്റുകുഴി എന്നിവയുടെ സമീപത്തുനിന്ന് സാമ്പിൾ ശേഖരിക്കരുത്. ശക്തമായ മഴയുള്ളപ്പോഴും സാമ്പിൾ ശേഖരണം ഒഴിവാക്കണം. മേൽമണ്ണിന്റെയും അടിമണ്ണിന്റെയും സാമ്പിളുകൾ ശേഖരിക്കണം. ഇവ തമ്മിൽ ഒരു കാരണവശാലും കൂട്ടിക്കലർത്തരുത്.

**ഇല സാമ്പിൾ ശേഖരണം – ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ഇലസാമ്പിളുകൾ ശേഖരിക്കുന്ന അന്നേദിവസം തന്നെ പരിശോധനാശാലയിൽ എത്തിക്കേണ്ടതാണ്. ഇത് സാധിക്കാത്തപ്പോൾ സാമ്പിളുകൾ റഫ്രിജറേറ്ററിൽ സൂക്ഷിച്ച് തൊട്ടടുത്ത ദിവസങ്ങളിൽതന്നെ പരിശോധനാശാലയിൽ എത്തിക്കണം. അല്ലെങ്കിൽ കോട്ടൺ തുണികൾ ഇസ്തിരിയിടുന്ന ചൂടിൽ ഇലകൾ ഇസ്തിരിയിട്ട് ഉണക്കിയ ശേഷവും പരിശോധനാശാലയിൽ എത്തിക്കാം.

**മണ്ണുസാമ്പിൾ ശേഖരിക്കുന്ന വിധം**

വളപ്രയോഗശുപാർശയ്ക്കായി പോഷകമൂലകങ്ങളുടെ സ്ഥിതി അറിയുന്നതിന് റബ്ബർതോട്ടത്തിൽ നിന്ന് രണ്ട് മണ്ണുസാമ്പിളുകൾ ശേഖരിക്കണം. അതായത് 30 സെ. മീറ്റർ വരെ ആഴത്തിലുള്ള മേൽമണ്ണിന്റെ ഒരു സാമ്പിളും 30 മുതൽ 60 വരെ സെ. മീറ്റർ ആഴത്തിലുള്ള അടിമണ്ണിന്റെ ഒരു സാമ്പിളും ശേഖരിക്കണം.

തോട്ടത്തിന്റെ വിസ്തൃതിയും ഭൂമിയുടെ കിടപ്പും അനുസരിച്ച് തോട്ടത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്ന വിധം പല ഭാഗങ്ങളിലായി 60 സെ.മീ. താഴ്ചയുള്ള കുഴികളാണ് എടുക്കേണ്ടത്. ഏകദേശം സമചതുരമായോ അല്ലെങ്കിൽ ഒരുവശംമാത്രം 60 സെ.മീ. താഴ്ത്തിയോ കുഴികളെടുക്കാം.

പല ഭാഗങ്ങളിലായി എടുത്തിരിക്കുന്ന എല്ലാ കുഴികളിൽനിന്നും മേൽമണ്ണിന്റെയും അടിമണ്ണിന്റെയും സാമ്പിളുകൾ ശേഖരിക്കണം. തയ്യാറാക്കിയ കുഴികളുടെ മുകൾഭാഗത്ത് ഒരു വശത്തുള്ള കരിയിലയും മറ്റും നീക്കിയതിനുശേഷം മുകളിൽനിന്ന് താഴേയ്ക്ക് 30 സെ.മീ. അടയാളപ്പെടുത്തണം. ഈ അടയാളത്തിൽ ഒരു ഹാർഡ്ബോർഡ് കഷണമോ കട്ടിയുള്ള കടലാസോ വച്ചശേഷം കുഴിയുടെ ഒരു വശത്തുകൂടി താഴേക്ക് ഒരടിവരെയുള്ള മണ്ണ് ഉളി അല്ലെങ്കിൽ അലവാങ്ക് പോലെയുള്ള ഒരായുധം ഉപയോഗിച്ച് രണ്ടര സെന്റീ മീറ്റർ കനത്തിൽ അരിഞ്ഞെടുക്കുക. ഇങ്ങനെ ശേഖരിച്ച മണ്ണ് (മേൽമണ്ണ്) ഒരു പ്ലാസ്റ്റിക് ഷീറ്റിൽ നിരത്തിയിട്ട് അതിലെ വലിയ കല്ലുകളും വേരുകളും കരിയിലകളും മറ്റും നീക്കം ചെയ്യുക. ഇതേ രീതിയിൽ മറ്റു കുഴികളിൽ നിന്ന് ശേഖരിച്ച മണ്ണുസാമ്പിളുകൾ എല്ലാം കൂടി ഒരു വലിയ ഷീറ്റിലിട്ട് കൂട്ടിക്കലർത്തിയശേഷം നിരത്തിയിടുക.

പരിശോധനയ്ക്കായി 500 ഗ്രാം മണ്ണു മാത്രമേ ആവശ്യമുള്ളൂ. അതുകൊണ്ട് തോട്ടത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിച്ച് കൂട്ടിക്കലർത്തിയ മണ്ണിനെ നാലായി ഭാഗിച്ച് വിപരീതവശങ്ങളിലെ മണ്ണു നീക്കി ബാക്കിയുള്ള മണ്ണ് വീണ്ടും നിരത്തി നാലായി ഭാഗിച്ച് വിപരീതവശങ്ങളിലെ മണ്ണ് നീക്കി സാമ്പിൾ ഏകദേശം 500 ഗ്രാം ആകുന്നതുവരെ ഇത് ആവർത്തിക്കുക. അതു



മണ്ണുസാമ്പിൾ ശേഖരണം



തോട്ടത്തിന്റെ പല ഭാഗങ്ങളിൽനിന്ന് ശേഖരിച്ച സാമ്പിളുകൾ കൂട്ടിക്കലർത്തിയശേഷം 500 ഗ്രാം ആക്കുന്നു

പോലെതന്നെ 30 മുതൽ 60 വരെ സെ.മീ. താഴ്ചയിലുള്ള മണ്ണും (അടി മണ്ണ്) തോട്ടത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ശേഖരിച്ച് കൂട്ടിക്കലർത്തിയ ശേഷം ഇതേ പ്രക്രിയ ആവർത്തിച്ച് 500 ഗ്രാം ആക്കി പരിശോധനാശാലയിൽ എത്തിക്കാവുന്നതാണ്. ഒരു കാരണവശാലും മേൽമണ്ണും അടിമണ്ണും തമ്മിൽ കൂട്ടിക്കലർത്താൻ പാടില്ല.

മണ്ണിന് നനവുണ്ടെങ്കിൽ തണലിൽ ഉണക്കിയശേഷം വൃത്തിയുള്ള ഒരു തുണിസഞ്ചിയിലോ പ്ലാസ്റ്റിക് കൂടിലോ നിറയ്ക്കുക. മണ്ണുസാമ്പിളുകൾ പരിശോധനാശാലയിൽ എത്തിക്കുമ്പോൾ അതോടൊപ്പം തോട്ടത്തിന്റെ വിവരങ്ങൾ ഒരു കടലാസിൽ പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തിയതും നൽകണം.

## വിവിധ ഘട്ടങ്ങളിൽ മണ്ണെടുക്കുന്നവിധം

**1. തൈ നടുന്നതിനുമുൻപ്**

ആവർത്തനക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ പഴയ മരങ്ങൾ മുറിച്ചു മാറ്റിയതിനുശേഷവും പുതുക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ നിലമൊരുക്കുന്നതിന് മുൻപും തോട്ടത്തിന്റെ പല ഭാഗങ്ങളിൽനിന്ന് മുകളിൽ പറഞ്ഞ രീതിയിൽ മേൽമണ്ണും അടിമണ്ണും ശേഖരിക്കാവുന്നതാണ്.

**2. നാലുവർഷം വരെയുള്ള തൈമരങ്ങൾക്ക്**

ഒന്നു മുതൽ നാലുവരെ വർഷം പ്രായമുള്ള തൈമരങ്ങളുടെ ചുവട്ടിൽനിന്ന് നിശ്ചിത അകലത്തിൽ നേരത്തെ വളം ഇട്ട സ്ഥലത്തുനിന്നുതന്നെ മുകളിൽ പറഞ്ഞ രീതിയിൽ മണ്ണുസാമ്പിളുകൾ ശേഖരിക്കാവുന്നതാണ്.

**3. അഞ്ചാം വർഷം മുതൽ**

അഞ്ചുവർഷത്തിൽ കൂടുതൽ പ്രായമുള്ളതോ ടാപ്പു ചെയ്യുന്നതോ ആയ മരങ്ങളുള്ള തോട്ടങ്ങളിൽ നാലു മരങ്ങളുടെ മദ്ധ്യത്തിൽ നിന്നു വേണം സാമ്പിളുകളെടുക്കാൻ. കോണ്ടൂർ രീതിയിലാണ് തൈകൾ നട്ടിരിക്കുന്നതെങ്കിൽ രണ്ടു മരങ്ങളുടെ മദ്ധ്യഭാഗത്തുനിന്നാണ് സാമ്പിളുകൾ ശേഖരിക്കേണ്ടത്.

## ഇലശേഖരണം

വിവിധ പ്രായങ്ങളിലുള്ള മരങ്ങളിൽനിന്ന് ഇലകൾ ശേഖരിക്കേണ്ടത് എങ്ങനെ എന്ന് നോക്കാം.

**1. ശിഖരങ്ങൾ ഇല്ലാത്തതും പോഷകന്യൂനത കാണിക്കുന്നതുമായ ചെറിയ തൈകളിൽ**

ശിഖരങ്ങൾ ഉണ്ടായിട്ടില്ലാത്ത പോഷകന്യൂനത കാണിക്കുന്ന തൈമരങ്ങളിൽനിന്ന് ഇലകളുടെ സാമ്പിൾ ശേഖരിക്കുന്നതിനായി 350 തൈകൾക്ക് 10 തൈകൾ എന്ന കണക്കിൽ തൈകൾ തെരഞ്ഞെടുക്കുക. ഇതിനുശേഷം ഓരോ തൈയുടെയും മുകൾത്തട്ടിലുള്ള മൂപ്പെത്തിയ ഇലത്തട്ടിൽനിന്ന് നാല് ഇലത്തണ്ടുകൾ വീതം അടർത്തിയെടുക്കുക. ഈ ഇലകൾ ഒരു പത്രക്കടലാസിന്റെ പകുതിയെടുത്ത് അതിൽ രണ്ടു ഭാഗത്തുകൂടിയും വായു സഞ്ചാരമുണ്ടാകുന്ന രീതിയിൽ പൊതിഞ്ഞെടുക്കുക. ഇതിൽ ലേബലെഴുതി അന്നു തന്നെ പരിശോധനാശാലയിൽ എത്തിക്കേണ്ടതാണ്.



സാമ്പിളിന്റെ തൂക്കം 500 ഗ്രാം ആക്കുന്നതിനായി മണ്ണ് നിരത്തിയ ശേഷം നാലായി ഭാഗിച്ച് എതിർവശത്തുള്ളവ ഒഴിവാക്കുന്നു



പരിശോധനാശാലയിലേക്ക് അയയ്ക്കാനായി മണ്ണുസാമ്പിൾ കവറിൽ നിറയ്ക്കുന്നു




*ഇലയുടെ സാമ്പിൾ ശേഖരിക്കുന്ന വിധം*

ചില്ലകൾ ഉള്ളതും ടാപ്പുചെയ്യുന്നതുമായ മരങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിക്കാനായി അഞ്ച് ഹെക്ടർ വരെ വിസ്തൃതിയുള്ള തോട്ടങ്ങളിൽ 10 മരങ്ങളും 20 ഹെക്ടറിനുമുകളിൽ വിസ്തൃതിയുള്ള തോട്ടങ്ങളിൽ 30 മരങ്ങളും എന്ന കണക്കിൽ തോട്ടത്തിൽ അവിടവിടെയായി തോട്ടത്തിന്റെ എല്ലാ ഭാഗങ്ങളെയും പ്രതിനിധീകരിക്കുന്ന രീതിയിൽ മരങ്ങൾ തെരഞ്ഞെടുക്കുക. അഞ്ചു മുതൽ 20 വരെ ഹെക്ടർ വിസ്തൃതിയുള്ള തോട്ടങ്ങളിൽ ആനുപാതികമായി വേണം മരങ്ങൾ തെരഞ്ഞെടുക്കാൻ. ഈ മരങ്ങളിൽനിന്ന് സൂര്യപ്രകാശം നേരിട്ടു പതിക്കാത്ത തണലിൽ നിൽക്കുന്ന താഴത്തെ ചില്ലയിലെ മൂപ്പെത്തിയ ഇലകൾ അടർത്തിയെടുക്കുക. തായ്ത്തടിയിൽ നിന്നോ പ്രധാന ശാഖയിൽ നിന്നോ ഉള്ള ചെറിയ ചില്ലകളിൽ നിന്നും ഇലകൾ ശേഖരിക്കാവുന്നതാണ്. 30 മരങ്ങളാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ ഒരു ഇലത്തണ്ടിലെ മൂന്ന് ഇലകളിൽ നടുവിലെ ദളം മാത്രം സാമ്പിളിനായി അടർത്തിയെടുത്താൽ മതി. 15 മരങ്ങളാണ് തെരഞ്ഞെടുത്തിരിക്കുന്നതെങ്കിൽ രണ്ട് ഭാഗത്തുമുള്ള ദളങ്ങൾ എടുക്കാം. ഇനി 10 മരങ്ങളാണെങ്കിൽ മൂന്നു ദളങ്ങളും എടുക്കണം (ചിത്രം കാണുക).



*പരിശോധനയ്ക്കായി ഇലസാമ്പിൾ ശേഖരിക്കുന്നു*

### തോട്ടത്തെക്കുറിച്ചുള്ള വിവരങ്ങൾ

മണ്ണ്/ഇല സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കുന്ന തോടൊപ്പം തോട്ടത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ അതിനായുള്ള അപേക്ഷാഫോമിൽ പൂരിപ്പിച്ചുനൽകേണ്ടതാണ്.

### പരിശോധനാകേന്ദ്രം

കോട്ടയത്ത് പുതുപ്പള്ളിയിലുള്ള റബ്ബർബോർഡിന്റെ കേന്ദ്ര ഗവേഷണശാലയിലാണ് സാമ്പിൾ പരിശോധനയ്ക്കുള്ള സൗകര്യമുള്ളത്.

### പരിശോധനാഫീസ്

മണ്ണും ഇലയും പരിശോധിക്കുമ്പോൾ ഏതൊക്കെ മൂലകങ്ങളെക്കുറിച്ചാണ് പരിശോധിക്കേണ്ടത് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. •

## മണ്ണും ഇലയും പരിശോധന: സാമ്പിളുകൾ പാഴ്സലായി അയയ്ക്കാം



മണ്ണും ഇലയും പരിശോധിച്ച് വളപ്രയോഗശുപാർശ ലഭിക്കുന്നതിനായി സാമ്പിളുകൾ പോസ്റ്റ് ഓഫീസ് വഴിയോ കൊറിയർ സർവീസ് വഴിയോ പാഴ്സലായി റബ്ബർഗവേഷണകേന്ദ്രത്തിലേക്ക് അയയ്ക്കാവുന്നതാണ്. ഇതിന്റെ പരിശോധനാഫീസ് ഓൺലൈനായി അടയ്ക്കാനും സൗകര്യമുണ്ട്.

**സാമ്പിളുകൾ അയയ്ക്കേണ്ട വിലാസം:** സീനിയർ സയന്റിസ്റ്റ് (അഗ്രോണമി/സോയിൽസ്), അഗ്രോണമി/ സോയിൽസ് ഡിവിഷൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, പുതുപ്പള്ളി, റബ്ബർ ബോർഡ് പി.ഒ., കോട്ടയം 686009.

**പരിശോധനാഫീസ് ഓൺലൈനായി അടയ്ക്കാൻ ആവശ്യമായ വിവരങ്ങൾ:**
അക്കൗണ്ട് ഉടമയുടെ പേര് - റബ്ബർബോർഡ് ജനറൽഫണ്ട് അക്കൗണ്ട്, അക്കൗണ്ട് നമ്പർ - 1559500056
ബാങ്കിന്റെ പേര് - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, റബ്ബർബോർഡ് ശാഖ, കോട്ടയം- 686002
ഐ.എഫ്.എസ്.സി. - സിബിഐഎൻ 0284150

**പരിശോധനാഫീസ് സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനുള്ള ഫോൺ നമ്പർ:** 0481-2353311, എക്സ്റ്റൻഷൻ നമ്പർ 321, 303

# സി.ബി.ഐ.സി. റബ്ബർബോർഡിൽ വെച്ച് 'സംവാദ്' സംഘടിപ്പിച്ചു



*സി.ജി.എസ്.റ്റി. ആന്റ് കസ്റ്റംസ് ചീഫ് കമ്മീഷണർ എസ്.കെ. റഹ്മാൻ ഐ.ആർ.എസ്. സംസാരിക്കുന്നു. എം. വസന്തഗേശൻ ഐ.ആർ.എസ്., ഗുർകരൻ സിങ് ബെയിൻസ് ഐ.ആർ.എസ്., ഡോ. കെ. കാളിമുത്തു ഐ.ആർ.എസ്. എന്നിവർ സമീപം (ഇടത്തുനിന്ന്)*

സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആന്റ് കസ്റ്റംസ് (സി.ബി.ഐ.സി.)ന്റെ ഔട്ട്റീച്ച് പ്രോഗ്രാമായ 'സംവാദ്' റബ്ബർബോർഡിന്റെ കീഴിൽ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് സംഘടിപ്പിച്ചു. തിരുവനന്തപുരം സോണിലെ സി.ജി.എസ്.റ്റി. ആന്റ് കസ്റ്റംസ് ചീഫ് കമ്മീഷണർ എസ്.കെ.റഹ്മാൻ ഐ.ആർ.എസ്. ചടങ്ങിൽ റബ്ബർവ്യവസായമേഖലയിൽ നിന്നുള്ളവരെ അഭിസംബോധന ചെയ്തു. തിരുവനന്തപുരം സി.ജി.എസ്.റ്റി. കമ്മീഷണർ ഡോ. കെ. കാളിമുത്തു ഐ.ആർ.എസ്., കൊച്ചി കസ്റ്റംസ് കമ്മീഷണർ ഗുർകരൻ സിങ് ബെയിൻസ് ഐ.ആർ.എസ്., റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ജി.എസ്.റ്റി., കസ്റ്റംസ് എന്നിവയുമായി ബന്ധപ്പെട്ട സാമ്പത്തികകാര്യങ്ങൾ, നികുതി തുടങ്ങിയ വിഷയങ്ങളിൽ സാക്ഷരത പ്രചരിപ്പിക്കുന്നതോടൊപ്പം ഈ വിഷയത്തിലുള്ള ആശങ്കകൾ പരിഹരിക്കുക, പുതിയ വിവരങ്ങൾ പങ്കിടുക എന്നീ ലക്ഷ്യങ്ങളോടെയാണ് സി.ബി.ഐ.സി. 'സംവാദ്' സംഘടിപ്പിച്ചത്. പ്രാദേശികതലങ്ങളിൽ റബ്ബർവ്യവസായസമൂഹവുമായി ഇടപഴകി ജി.എസ്.റ്റി., കസ്റ്റംസ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക എന്നതും ഈ പരിപാടി ലക്ഷ്യമിട്ടിരുന്നു. എച്ച്.എസ്. കോഡ് 4001 പ്രകാരം തരംതിരിച്ചിരിക്കുന്ന പ്രകൃതിദത്തറബ്ബറിന് നിലവിൽ അഞ്ച് ശതമാനം ജി.എസ്.റ്റി. നിരക്ക് ബാധകമാണ്. എന്നാൽ റബ്ബറുത്പന്നങ്ങൾക്കും അവയുടെ നിർമാണത്തിന് ഉപയോഗിക്കുന്ന രാസവസ്തുക്കൾക്കും മറ്റും വ്യത്യസ്ത നികുതിനിരക്കാണ് ഈടാക്കുന്നത്. ഇത് പലപ്പോഴും ആശങ്കകൾക്ക് കാരണമാകുന്നു. ഈ മേഖലയിലെ ഇറക്കുമതിയുടെയും കയറ്റുമതിയുടെയും പ്രാധാന്യം വലുതാണ്.



*സദസ്സിന്റെ ദൃശ്യം*

2024-25 ൽ ഇന്ത്യ 1069.04 മില്യൺ യുഎസ് ഡോളർ മൂല്യമുള്ള പ്രകൃതിദത്തറബ്ബർ ഇറക്കുമതി ചെയ്യുകയും 4563.31 മില്യൺ യുഎസ് ഡോളർ മൂല്യമുള്ള റബ്ബറുത്പന്നങ്ങൾ കയറ്റുമതി ചെയ്യുകയും ചെയ്തു. ഈ കണക്കുകൾ രാജ്യത്തെ വ്യാപാര, സാമ്പത്തിക രംഗത്ത് റബ്ബർമേഖലയുടെ പ്രാധാന്യം എടുത്തുകാണിക്കുന്നു. റബ്ബർ വ്യവസായവുമായി ബന്ധപ്പെട്ട് ജി.എസ്.റ്റി., കസ്റ്റംസ് വിഷയങ്ങളിൽ നിലവിലുള്ള വെല്ലുവിളികൾ 'സംവാദ്'-ൽ ചർച്ച ചെയ്തു. ●



ഡോ. ഫേബ ജോസഫ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

ഡോ. ജെസ്സി എം.ഡി.
ഡയറക്ടർ ഇൻ-ചാർജ് (റിട്ട.)
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# വളപ്രയോഗശുപാർശകൾ സംസ്ഥാനാടിസ്ഥാനത്തിൽ

മറ്റേതൊരു കൃഷിയിലുമെന്നപോലെ റബ്ബർ കൃഷിയിലും മരങ്ങളുടെ ആരോഗ്യകരമായ വളർച്ചയും മികച്ച ഉത്പാദനക്ഷമതയും ഉറപ്പാക്കാൻ കൃത്യമായ വളപ്രയോഗം അനിവാര്യമാണ്. ഇന്ത്യയിലെ ഓരോ സംസ്ഥാനത്തെയും മണ്ണിന്റെ പോഷകനില വ്യത്യസ്തമായതിനാൽ വ്യത്യസ്തമായ വളപ്രയോഗശുപാർശകൾ നടപ്പാക്കേണ്ടതുണ്ട്. സസ്യങ്ങൾക്കാവശ്യമായ പോഷകങ്ങൾ അവയുടെ സന്തുലിതാവസ്ഥ പാലിച്ചുകൊണ്ടാവണം ലഭ്യമാക്കേണ്ടത്. മണ്ണിൽനിന്ന് നഷ്ടമാകുന്ന പോഷകങ്ങൾ മണ്ണിലേക്ക് തിരികെ കൊടുക്കുന്നതിലും അവ മണ്ണിൽ നിലനിർത്തുന്നതിലും വളങ്ങൾക്ക് വലിയ പങ്കാണുള്ളത്. അതിനാൽ, മികച്ച വിളവ് ലഭിക്കുന്നതിന് മണ്ണിന്റെ നിലവിലുള്ള പോഷക ലഭ്യതയെയും വിളകളുടെ പോഷക ആവശ്യകതയെയും കണക്കിലെടുത്ത് സംസ്ഥാനാടിസ്ഥാനത്തിലുള്ള വളപ്രയോഗശുപാർശകൾ അത്യാവശ്യമാണ്.

### നിർദ്ദിഷ്ട വളപ്രയോഗശുപാർശകളുടെ പ്രാധാന്യം

നിർദ്ദിഷ്ട വളപ്രയോഗശുപാർശയിലൂടെ, ആവശ്യമായ അളവിൽ, കൃത്യസമയത്ത്, വേണ്ട പോഷകങ്ങൾ വിളകൾക്ക് ലഭ്യമാക്കുകവഴി പോഷകങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്താനാകും. ഇതുവഴി മണ്ണൊലിപ്പ്, ബാഷ്പീകരണം എന്നിവയിലൂടെ ഉണ്ടാകുന്ന പോഷക നഷ്ടം കുറയ്ക്കാൻ കഴിയും. മണ്ണിൽ ആവശ്യാനുസൃതമായി മാത്രം വളം ചേർക്കുക വഴി പാഴ്ച്ചെലവുകൾ കുറയ്ക്കാനും വളത്തിന്റെ അമിത ഉപയോഗം കുറയ്ക്കാനും കഴിയും. ഇതുവഴി വളത്തിനായുള്ള ചെലവും കുറയ്ക്കാം. അശാസ്ത്രീയമായ രാസവള പ്രയോഗം മണ്ണിലെ അമ്ലത്വം, ജൈവാംശം, സൂക്ഷ്മജീവികളുടെ സാന്നിധ്യം എന്നിവയെയെല്ലാം ബാധിക്കും. പോഷകങ്ങൾ വിളകൾക്ക് സന്തുലിതമായി ലഭിക്കുമ്പോൾ ആരോഗ്യകരമായ വളർച്ചയും മികച്ച വിളവുമുണ്ടാകുന്നു. കൂടാതെ, കൃത്യമായ വളപ്രയോഗം ഭൂഗർഭജല മലിനീകരണം, ജലാശയങ്ങളിലെ 'യൂട്രോഫിക്കേഷൻ' (eutrophication), ഹരിത ഗൃഹവാതകങ്ങൾ ഉണ്ടാകാനുള്ള സാധ്യത എന്നിവ കുറയ്ക്കുന്നു. മണ്ണിനും സ്ഥലത്തിനും അനുസൃതമായ

**പട്ടിക 1: ഒന്ന് മുതൽ നാലുവരെ വർഷം പ്രായമുള്ള തൈമരങ്ങൾക്കു വേണ്ട പൊതു വളപ്രയോഗശുപാർശകൾ (കേരളം, തമിഴ്നാട്ടിലെ കന്യാകുമാരി; കർണാടകത്തിലെ ദക്ഷിണ കന്നട, കൊടക് ജില്ലകൾ; ആന്ധ്രാപ്രദേശ്, ഒഡീഷ, ഗോവ, മഹാരാഷ്ട്ര എന്നീ പ്രദേശങ്ങളിൽ)**

| മരങ്ങളുടെ പ്രായം | വളത്തിൽ അടങ്ങിയിരിക്കേണ്ട മൂലകങ്ങളുടെ അനുപാതം ഗ്രാം / തൈ /വർഷം | | | |
|---|---|---|---|---|
| | നൈട്രജൻ (N) | ഫോസ്ഫറസ് (P2O5) | പൊട്ടാഷ് (K2O) | **മഗ്നീഷ്യം (MgO) |
| ഒന്നാം വർഷം | 45 | 45 | 18 | 6.75 |
| രണ്ടാം വർഷം | 90 | 90 | 36 | 13.5 |
| മൂന്നാം വർഷം | 110 | 110 | 44 | 16.5 |
| നാലാം വർഷം* | 90 | 90 | 36 | 13.5 |

**ഇടവിളകളോ, തോട്ടപ്പയറോ ഇല്ലാത്ത തോട്ടങ്ങളിൽ മൂന്നാം വർഷത്തെ വളപ്രയോഗം തന്നെ നാലാം വർഷവും അനുവർത്തിക്കാവുന്നതാണ്.*

*** മഗ്നീഷ്യം വളങ്ങൾ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി. എറണാകുളം എന്നീ ജില്ലകളിലെ മണ്ണിൽ ഇടാവുന്നതാണ്. തൃശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ മണ്ണിൽ മഗ്നീഷ്യത്തിന്റെ അളവ് സ്വതവേ കൂടുതലായതുകൊണ്ട് ചേർക്കേണ്ടതില്ല. എന്നിരുന്നാലും ഈ ജില്ലകളിലും മഗ്നീഷ്യത്തിന്റെ അളവ് കുറവുള്ള സ്ഥലങ്ങൾ ഉണ്ടെങ്കിൽ അവിടെ മഗ്നീഷ്യം ചേർത്തുകൊടുക്കാവുന്നതാണ്.*

**പട്ടിക 2: ഒന്ന് മുതൽ നാലുവരെ വർഷം പ്രായമുള്ള തൈമരങ്ങൾക്കു വേണ്ട പൊതു വളപ്രയോഗ ശുപാർശകൾ (അസം, ത്രിപുര, അരുണാചൽപ്രദേശ്, മേഘാലയ, മണിപ്പൂർ, മിസോറാം, നാഗാലാൻഡ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ)**

| മരങ്ങളുടെ പ്രായം | വളത്തിൽ അടങ്ങിയിരിക്കേണ്ട മൂലകങ്ങളുടെ അനുപാതം ഗ്രാം/തൈ/വർഷം | | |
|---|---|---|---|
| | നൈട്രജൻ (N) | ഫോസ്ഫറസ് (P2O5) | പൊട്ടാഷ് (K2O) |
| ഒന്നാം വർഷം | 60 | 60 | 30 |
| രണ്ടാം വർഷം | 120 | 120 | 60 |
| മൂന്നാം വർഷം | 146 | 146 | 73 |
| നാലാം വർഷം* | 117 | 117 | 58 |

** ഇടവിളകളോ, തോട്ടപ്പയറോ ഇല്ലാത്ത തോട്ടങ്ങളിൽ മൂന്നാം വർഷത്തെ വളപ്രയോഗം തന്നെ നാലാം വർഷവും അനുവർത്തിക്കാവുന്നതാണ്.*

വളപ്രയോഗത്തിലൂടെ പരിസ്ഥിതിക്കിണങ്ങിയ രീതിയിലുള്ള കൃഷിയെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്.

**റബ്ബറിൽ സംസ്ഥാനാടിസ്ഥാനത്തിലുള്ള ശുപാർശകളുടെ ആവശ്യകത**

പരമ്പരാഗത റബ്ബർകൃഷിമേഖലകളിൽ പോഷകങ്ങൾ ധാരാളമുള്ള സ്ഥലങ്ങളിലാണ് റബ്ബർകൃഷി ആരംഭിച്ചിരുന്നത്. അതിനാൽ അവിടെ പോഷകങ്ങളുടെ ആവശ്യകത പൊതുവെ കുറവായിരുന്നു. ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രം നടത്തിയ വിവിധ പരീക്ഷണങ്ങളിൽനിന്നു ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ വളപ്രയോഗശുപാർശകൾ നൽകിവരുന്നത്. ഒരു പ്രദേശത്തെ കൃഷിയും കൃഷിപ്പണികളും ആ പ്രദേശത്തെ മണ്ണിനെയും കാലാവസ്ഥയെയും ആശ്രയിച്ചിരിക്കുന്നു. റബ്ബർമരങ്ങളുടെ വളർച്ചയുടെ ഓരോഘട്ടത്തിലും പ്രത്യേക വളപ്രയോഗശുപാർശയാണ് നൽകുന്നത്. ഇന്ത്യയിലെ റബ്ബർ കൃഷിചെയ്യുന്ന വിവിധ മേഖലകളിൽ അപക്വകാലത്തിൽ (ഒന്നു മുതൽ നാലുവരെ വർഷം) നൽകേണ്ട വിവിധ വളപ്രയോഗശുപാർശകൾ പട്ടിക 1-ലും 2ലും നൽകിയിരിക്കുന്നു.

തൈമരങ്ങളുടെ പ്രായമനുസരിച്ചു ശുപാർശ ചെയ്തിരിക്കുന്ന മൂലകങ്ങൾ നേർവളങ്ങളോ മിശ്രിത വളങ്ങളോ ആയി അനുപാതത്തിനനുസരിച്ച് തൈമരങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

2012-2020 കാലയളവിൽ ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രം, നാഷണൽ ബ്യൂറോ ഓഫ് സോയിൽ സർവേ ആന്റ് ലാൻഡ് യൂസ് പ്ലാനിങ് (NBSS & LUP), ഐ.സി.എ.ആർ. എന്നിവയുമായി സഹകരിച്ച് നടത്തിയ ഒരു പഠനപരിപാടിയിലൂടെ രാജ്യത്തെ എല്ലാ റബ്ബർകൃഷി മേഖലകളിലെയും തോട്ടങ്ങളിൽ നിന്ന് മണ്ണുസാമ്പിളുകൾ ശേഖരിച്ച് (റബ്ബർ കൃഷിചെയ്തിരിക്കുന്ന ഓരോ 50 ഹെക്ടർ സ്ഥലത്തിനും ഒരു സംയുക്ത മണ്ണുസാമ്പിൾ എന്ന കണക്കിൽ) മണ്ണിന്റെ രാസപരിശോധന നടത്തി, മണ്ണിലെ പോഷകഘടകങ്ങൾ പരിശോധിച്ച്, ഫലഭൂയിഷ്ഠത വിലയിരുത്തി. മണ്ണുസാമ്പിൾ ശേഖരിച്ച തോട്ടങ്ങളുടെ അക്ഷാംശവും രേഖാംശവും ജി.പി.എസ്. ഉപകരണങ്ങൾ ഉപയോഗിച്ച് രേഖപ്പെടുത്തിയിരുന്നു. അതിനു ശേഷം ജി.ഐ.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് വിവിധ സ്ഥലങ്ങളിലെ മണ്ണിന്റെ ഫലഭൂയിഷ്ഠത മാപ്പ് തയ്യാറാക്കിയത്. പോഷകങ്ങളുടെ അളവിലും മണ്ണിന്റെ pH -ലും വ്യാപകമായ വ്യത്യാസം പല പ്രദേശങ്ങളിലും കാണപ്പെട്ടു. പരമ്പരാഗത മേഖലകളെയും വടക്കുകിഴക്കൻ മേഖലകളെയും അപേക്ഷിച്ച് കർണാടക, ആന്ധ്രാപ്രദേശ്, മിസോറാം, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ ടാപ്പു ചെയ്യുന്ന തോട്ടങ്ങളിലെ മണ്ണിൽ പോഷകങ്ങളുടെ അളവിൽ വലിയ വ്യത്യാസമാണ് പഠനഫലങ്ങൾ കാണിക്കുന്നത്. ഇത് ഈ സംസ്ഥാനങ്ങളിൽ നൽകിവരുന്ന വളത്തിന്റെ അപര്യാപ്തതയെ എടുത്തു കാണിക്കുന്നു. അതിനാൽ, ഈ സംസ്ഥാനങ്ങളിലെ അഞ്ചാം വർഷവും അതിനു മുകളിലും പ്രായമുള്ള റബ്ബർമരങ്ങൾക്ക് മണ്ണിന്റെ ഫലഭൂയിഷ്ഠത, കാലാവസ്ഥ, കൃഷിരീതികൾ എന്നിവയെ അടിസ്ഥാനമാക്കി ഉചിതമായ പോഷകങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് രൂപപ്പെടുത്തിയ പ്രത്യേക വളപ്രയോഗശുപാർശകൾ പട്ടിക 3-ൽ നൽകിയിരിക്കുന്നു.

ശുപാർശ ചെയ്തിരിക്കുന്ന മൂലകങ്ങൾ അവയുടെ അനുപാതത്തിനനുസൃതമായി നേർവളങ്ങളോ, മിശ്രിത വളങ്ങളോ ഉപയോഗിച്ച് മരങ്ങൾക്കു ലഭ്യമാക്കേണ്ടതാണ്.

ശരിയായ വളം, ശരിയായ അളവിൽ, ശരിയായ സമയത്ത് ഉപയോഗിക്കുന്നതാണ് ഉത്പാദനക്ഷമതയും

# കവണാർ ലാറ്റക്സ് ലിമിറ്റഡ് കമ്പനി നടപ്പാക്കുന്ന 'കോൺട്രാക്റ്റ് പ്ലാന്റിങ്' ഉദ്ഘാടനം ചെയ്തു

റബ്ബർബോർഡിന്റെയും റബ്ബറുത്പാദക സംഘങ്ങളുടെയും സംയുക്ത സംരംഭമായ കവണാർ ലാറ്റക്സ് ലിമിറ്റഡ് കമ്പനിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന 'കോൺട്രാക്റ്റ് പ്ലാന്റിങ്' ഇറുമ്പയത്തുള്ള സി.സി. ഫിലിപ്പോസ് എന്ന കർഷകന്റെ തോട്ടത്തിൽ വെച്ച് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. റ്റി. സിജു ഉദ്ഘാടനം ചെയ്തു. കർഷകരുടെ കൃഷിയിടങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ റബ്ബർതൈകൾ വെച്ചുകൊടുക്കുന്ന പദ്ധതിയാണിത്. റബ്ബർബോർഡിന്റെ ചങ്ങനാശ്ശേരി റീജിയണൽ ഓഫീസിലെ ഡെവലപ്മെന്റ് ഓഫീസർ ആൻസമ്മ ജോർജ്; കവണാർ ലാറ്റക്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിങ് ഡയറക്ടർ രഞ്ജിത് ഡി., മാർക്കറ്റിങ് അസിസ്റ്റന്റ് പി.റ്റി. സോജൻ; തോട്ടം ഉടമ സി.സി. ഫിലിപ്പോസ്, ഇറുമ്പയം റബറുത്പാദകസംഘം പ്രസിഡന്റ് ജോണി പി.റ്റി., കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. •



**പട്ടിക 3: സംസ്ഥാനാടിസ്ഥാനത്തിലുള്ള പൊതുവളപ്രയോഗശുപാർശകൾ (റബ്ബറിന്റെ അഞ്ചാം വർഷം മുതലും ടാപ്പുചെയ്യുന്ന മരങ്ങൾക്കും)**

| സംസ്ഥാനം | വളത്തിൽ അടങ്ങിയിരിക്കേണ്ട മൂലകങ്ങളുടെ അനുപാതം (കിലോഗ്രാം/ഹെക്ടർ/വർഷം) | | | ബോറോൺ /സിങ്ക് (അഞ്ചുവർഷമോ അതിൽ കൂടുതലോ പ്രായമുള്ള മരങ്ങൾക്ക് അവയുടെ കാലയളവിൽ ഒരിക്കൽ മാത്രം) |
|---|---|---|---|---|
| | നൈട്രജൻ (N) | ഫോസ്ഫറസ് (P2O5) | പൊട്ടാഷ് (K2O) | |
| * കേരളം / തമിഴ്നാട് (കന്യാകുമാരി) | 30 | 20 | 30 | *ബോറാക്സ് വളം 10 കിലോഗ്രാം / ഹെക്ടർ സിങ്ക് സൾഫേറ്റ് വളം 25 കിലോഗ്രാം / ഹെക്ടർ |
| ** കർണാടക, ഗോവ, മഹാരാഷ്ട്ര | 30 | 30 | 30 | **ബോറാക്സ് വളം 10 കിലോഗ്രാം / ഹെക്ടർ സിങ്ക് സൾഫേറ്റ് വളം 25 കിലോഗ്രാം / ഹെക്ടർ |
| ** ആന്ധ്രാപ്രദേശ് **** | 30 | 30 | 30 | **ബോറാക്സ് വളം 10 കിലോഗ്രാം / ഹെക്ടർ സിങ്ക് സൾഫേറ്റ് വളം 25 കിലോഗ്രാം / ഹെക്ടർ |
| ** ഒഡീഷ | 30 | 30 | 25 | **ബോറാക്സ് വളം 10 കിലോഗ്രാം / ഹെക്ടർ സിങ്ക് സൾഫേറ്റ് വളം 25 കിലോഗ്രാം / ഹെക്ടർ |
| * അസം, ത്രിപുര, അരുണാചൽ പ്രദേശ്, മേഘാലയ, മണിപ്പൂർ, നാഗലാൻഡ്, പശ്ചിമ ബംഗാൾ | 35 | 35 | 35 | *ബോറാക്സ് വളം 10 കിലോഗ്രാം / ഹെക്ടർ സിങ്ക് സൾഫേറ്റ് വളം 25 കിലോഗ്രാം / ഹെക്ടർ |
| *** മിസോറാം | 35 | 35 | 30 | ***ബോറാക്സ് വളം 10 കിലോഗ്രാം / ഹെക്ടർ |

**കേരളം/ തമിഴ്നാട് (കന്യാകുമാരി), അസം, ത്രിപുര, അരുണാചൽ പ്രദേശ്, മേഘാലയ, മണിപ്പൂർ, നാഗാലാൻഡ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ മണ്ണ് പരിശോധിച്ച് മണ്ണിൽ ബോറോൺ/സിങ്ക് കുറവുണ്ടെങ്കിൽ മാത്രം നൽകുക.*
*** കർണ്ണാടക, ആന്ധ്രപ്രദേശ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലെ മണ്ണിൽ ബോറോൺ/സിങ്ക് കുറവായതിനാൽ ഉറപ്പായും നൽകേണ്ടതാണ്.*
**** മിസോറാമിലെ മണ്ണിൽ ബോറോണിന്റെ അംശം വളരെ കുറവായതിനാൽ ബോറാക്സ് വളം നൽകേണ്ടതാണ്.*
***** ആന്ധ്രപ്രദേശിലെ റബ്ബർതോട്ടങ്ങളിൽ ഫോസ്ഫറസ് മൂലകത്തിന്റെ ലഭ്യതയ്ക്കായി ഡൈഅമോണിയം ഫോസ്ഫേറ്റ് (DAP)/ഫാക്ടംഫോസ് വളങ്ങൾ ഉപയോഗിച്ചുള്ള വളപ്രയോഗമാണ് ഉത്തമം.*

പരിസ്ഥിതിസംരക്ഷണവും ഉറപ്പാക്കാനുള്ള മാർഗം. അതിനാൽ, ശാസ്ത്രീയമായ വളപ്രയോഗം കർഷകർ പഠിക്കുകയും പ്രായോഗികമാക്കുകയും ചെയ്യേണ്ടതാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലെ റബ്ബകൃഷിയുടെ പ്രത്യേക വെല്ലുവിളികളും ആവശ്യങ്ങളും പരിഹരിക്കുന്നതിനും രാസവളങ്ങളുടെ മികച്ചതും കാര്യക്ഷമവുമായ ഉപയോഗം ഉറപ്പാക്കുന്നതിനും സംസ്ഥാനാടിസ്ഥാനത്തിലുള്ള ശുപാർശകൾ സഹായിക്കുന്നു. •



ദിലീപ് സി.എൽ.
ഡെവലപ്മെന്റ് ഓഫീസർ

# കർഷകർക്ക് കരുതലായി റബ്ബറുത്പാദന പ്രോത്സാഹനപദ്ധതി

റബ്ബർവിലയിൽ ഏറ്റക്കുറച്ചിലുണ്ടാകുമ്പോൾ കർഷകർക്ക് കൈത്താങ്ങാകുന്ന ഒരു പദ്ധതിയാണ് റബ്ബറുത്പാദന പ്രോത്സാഹനപദ്ധതി. 2015-16 മുതൽ കേരള സർക്കാരും റബ്ബർബോർഡും സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതി വിജയകരമായി പത്ത് ഘട്ടങ്ങൾ പിന്നിട്ടു. റബ്ബറിന് വിലയിടിവ് നേരിട്ടപ്പോൾ കേരളത്തിലെ റബ്ബർകർഷകർക്ക് ഈ പദ്ധതി വലിയ ആശ്വാസം നൽകി. 1918 റബ്ബറുത്പാദകസംഘങ്ങളിലൂടെ അഞ്ചു ലക്ഷത്തി നാല്പതിനായിരത്തിലധികം റബ്ബർകർഷകർ ഈ പദ്ധതിയിൽ അംഗത്വമെടുത്ത് ഗുണഭോക്താക്കളായി. പത്ത് ഘട്ടങ്ങളിലായി ഈ പദ്ധതി വഴി 2079.43 കോടി രൂപ കർഷകർക്ക് ധനസഹായമായി ലഭിച്ചു. ഒരു കിലോഗ്രാം ആർ.എസ്.എസ്. നാലാം ഗ്രേഡ് ഷീറ്റുറബ്ബറിന് റബ്ബർബോർഡ് പ്രസിദ്ധീകരിച്ചിരിക്കുന്ന വിലയും അടിസ്ഥാന വിലയായി നിശ്ചയിച്ചിരിക്കുന്ന 180 രൂപയും തമ്മിലുള്ള വ്യത്യാസമാണ് കിലോഗ്രാം പ്രതി റബ്ബറിനുള്ള പ്രോത്സാഹന ധനസഹായമായി ഇപ്പോൾ നൽകുന്നത്.


### പദ്ധതിയുടെ വിശദവിവരങ്ങൾ

റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സർക്കാർ പുറത്തിറക്കിയിട്ടുള്ള ഉത്തരവുകൾ, അപേക്ഷാ ഫോറം, റബ്ബറുത്പാദകസംഘങ്ങളുടെ വിവരങ്ങൾ, റബ്ബർബോർഡ് ഓഫീസുകളുടെ വിവരങ്ങൾ, ബാങ്കുകളുടെ ഐ.എഫ്.എസ്. കോഡുകൾ, റബ്ബർബോർഡ് ദിവസേന പ്രസിദ്ധീകരിക്കുന്ന 'നോട്ടിഫൈഡ് വില' തുടങ്ങിയവ www.ebt.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### പദ്ധതിയിൽ അംഗമാകുന്നതിന്

ഈ പദ്ധതിയിൽ ഇതുവരെ അംഗമായിട്ടില്ലാത്ത, കേരളത്തിൽ സ്വന്തമായി റബ്ബർകൃഷിയുള്ള കർഷകർക്ക് 2025 സെപ്റ്റംബർ 30 വരെ അംഗമാകാൻ അവസരമുണ്ട്. റബ്ബർതോട്ടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന് സമീപത്തുള്ളതും സൗകര്യപ്രദവുമായ റബ്ബറുത്പാദകസംഘത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പിന്നീട് മറ്റൊരു സംഘത്തിലേക്ക് അംഗത്വം മാറ്റുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്. ഇത് ധനസഹായം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാൻ കാരണമാകാം.

പദ്ധതിയിൽ അംഗമാകുന്ന കർഷകർ റബ്ബറുത്പാദകസംഘങ്ങളിൽ അംഗത്വമെടുക്കുന്നത് അഭികാമ്യമായി




രിക്കും. സ്വന്തം ഉടമസ്ഥതയിലുള്ള റബ്ബർകൃഷിയുടെ വിശദവിവരങ്ങൾ അപേക്ഷയിൽ വ്യക്തമാക്കണം. ഒരു കർഷകൻ അംഗത്വത്തിനായി ഒരു അപേക്ഷ മാത്രമേ നൽകാവൂ. ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല. വെബ്സൈറ്റിൽനിന്ന് ലഭിക്കുന്ന അപേക്ഷാഫോറത്തിൽ പാസ്പോർട്ട് വലുപ്പത്തിലുള്ള ഏറ്റവും പുതിയ ഫോട്ടോ പതിപ്പിക്കണം. കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ അപേക്ഷയോടൊപ്പം തിരിച്ചറിയലിനായി ആധാർ കാർഡ്, ആധാറുമായി ബന്ധിപ്പിച്ച സേവിങ്സ് ബാങ്ക് അക്കൗണ്ട് രേഖ, റബ്ബർ കൃഷിചെയ്തിരിക്കുന്ന സ്ഥലത്തിന്റെ തന്നാണ്ടത്തെ കരമടച്ച രസീത് തുടങ്ങിയവ ഹാജരാക്കണം.

എൻ.ആർ.ഐ. നിക്ഷേപങ്ങൾ, സ്ഥിരനിക്ഷേപങ്ങൾ, ലോൺ എന്നിവയുടെതോ റദ്ദാക്കപ്പെട്ടതോ ആയ ബാങ്ക് അക്കൗണ്ടുകൾ സ്വീകാര്യമല്ല. ആവശ്യമെങ്കിൽ അനന്തരാവകാശം തെളിയിക്കുന്നതിനോ പ്രായം തെളിയിക്കുന്നതിനോ വേണ്ട രേഖകൾ റബ്ബർബോർഡിലെ ഓഫീസറുടെ നിർദേശാനുസരണം ഹാജരാക്കണം. കൂട്ടുടമസ്ഥാവകാശം ഉള്ളവരും മുക്ത്യാർ അനുസരിച്ച് കൈവശാവകാശം ഉള്ളവരും ഇവ സംബന്ധിച്ച രേഖകളോടൊപ്പം ഒരു സത്യപ്രസ്താവനയും നൽകേണ്ടതാണ്.

പ്രത്യേക കാരണങ്ങളാൽ പട്ടയം ലഭ്യമല്ലാത്തവർ ബന്ധപ്പെട്ട അധികാരികളിൽനിന്നുള്ള അനുബന്ധരേഖകൾ ഹാജരാക്കുകയും ഇവയുടെ ആധികാരികത റബ്ബർബോർഡിലെ ഓഫീസറെ ബോധ്യപ്പെടുത്തുകയും വേണം. റബ്ബർബോർഡിൽനിന്ന് റബ്ബർകൃഷിക്കുള്ള പെർമിറ്റ് ലഭിച്ചവർ പെർമിറ്റിന്റെ കോപ്പി കൂടി ഹാജരാക്കണം. ഇതിന് ആവശ്യമായ വിവിധ ഫോറങ്ങൾ വെബ്സൈറ്റിൽനിന്ന് ലഭിക്കുന്നതാണ്.

### രജിസ്ട്രേഷൻ

റബ്ബറുത്പാദകസംഘങ്ങൾ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യും. തുടർന്ന് പദ്ധതി നടത്തിപ്പിന്റെ ചുമതലയുള്ള റബ്ബർബോർഡ് ഓഫീസർ ഈ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് അർഹത അനുസരിച്ച് അംഗീകാരം നൽകും. തുടർന്ന് അംഗത്വനമ്പർ, വാർഷിക-അർദ്ധമാസ പരിധി (റബ്ബർ കൃഷിയുടെ വിസ്തൃതിക്കനുസരിച്ച് ധനസഹായത്തിന് അനുവദനീയമായ റബ്ബറിന്റെ തൂക്കം) മുതലായവ അപേക്ഷകന്റെ മൊബൈൽ ഫോണിലേക്ക് എസ്.എം.എസ്. സന്ദേശമായി അയക്കുന്നതാണ്. പിന്നീടുള്ള ആവശ്യങ്ങൾക്കായി ഈ അംഗത്വനമ്പർ കുറിച്ചുവയ്ക്കണം.

### ബില്ലുകൾ സമർപ്പിക്കൽ

പദ്ധതിയിൽ രജിസ്റ്റർ ചെയ്തതിനുശേഷം റബ്ബറുത്പാദകസംഘത്തിൽ ബില്ലുകൾ സമർപ്പിക്കാം.

റബ്ബർബോർഡിൽ കൃത്യമായി റിട്ടേണുകൾ സമർപ്പിക്കുന്ന അംഗീകൃത റബ്ബർവ്യാപാരികൾ നൽകുന്ന ഒറിജിനൽ ബില്ലുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. യാതൊരു കാരണവശാലും ബില്ലിന്റെ ഫോട്ടോകോപ്പി (പകർപ്പ്) സ്വീകരിക്കുന്നതല്ല. കർഷകന്റെ ആറക്ക അംഗത്വനമ്പർ ബില്ലിനു മുകളിൽ വ്യക്തമായി എഴുതണം. ബില്ലിന്റെ മറുവശത്ത് അപേക്ഷകന്റെ പേരും സമർപ്പിക്കുന്ന തീയതിയും ഒപ്പും രേഖപ്പെടുത്തേണ്ടതാണ്.

റബ്ബറുത്പാദകസംഘങ്ങൾ ബില്ലുകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തതിനുശേഷം കർഷകരുടെ ലിസ്റ്റ് സഹിതം ഒറിജിനൽ ബില്ലുകൾ റബ്ബർബോർഡ് ഓഫീസിൽ ഹാജരാക്കണം. ഉത്പാദകസംഘങ്ങൾ അപ്‌ലോഡ് ചെയ്തിരിക്കുന്ന ബില്ലുകൾ ശരിയാണെന്ന് റബ്ബർബോർഡിലെ ഓഫീസർ ഉറപ്പുവരുത്തിയതിനുശേഷം കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന് കൈമാറും. ഇതിനെ തുടർന്ന് സഹായധനമായി അർഹമായ തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് അയച്ചുകൊടുക്കുന്നതാണ്. ധനസഹായത്തുക അക്കൗണ്ടിലേക്ക് നൽകുന്നതോടൊപ്പം ധനസഹായത്തിന് പരിഗണിച്ച റബ്ബറിന്റെ അളവ്, മിച്ചമുള്ള അളവ്, അനുവദിച്ച തുക, തുക അക്കൗണ്ടിലേക്ക് നൽകിയതിന്റെ ബാങ്ക് യു.ടി.ആർ. (Unique Transaction Reference) നമ്പർ, തീയതി എന്നിവ വെബ്സൈറ്റിൽ നൽകുന്നതാണ്. ഇവ സന്ദേശരൂപത്തിൽ കർഷകന്റെ മൊബൈൽ ഫോണിലേക്കും അയക്കുന്നതായിരിക്കും.

### അംഗത്വം പുതുക്കുന്നതിന്

നിലവിൽ അംഗങ്ങളായവർ 2025 ജൂലൈ ഒന്നാം തീയതി മുതൽ തുടങ്ങിയ പതിനൊന്നാം ഘട്ടത്തിൽ സമർപ്പിക്കുന്ന ആദ്യ ബില്ലിനോടൊപ്പം റബ്ബർമരങ്ങൾ നിൽക്കുന്ന സ്ഥലത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ കരം അടച്ച രസീത് റബ്ബറുത്പാദകസംഘത്തിൽ ഹാജരാക്കി അംഗത്വം പുതുക്കേണ്ടതാണ്. നിലവിലുള്ള റബ്ബർമരങ്ങളുടെ എണ്ണം, തോട്ടത്തിന്റെ വിസ്തൃതി തുടങ്ങിയവ കരമടച്ച രസീതിൽ രേഖപ്പെടുത്തേണ്ടതും അതിനു താഴെ തോട്ടം ഉടമ ഒപ്പുവയ്ക്കേണ്ടതുമാണ്. കർഷകൻ രേഖപ്പെടുത്തിയ വിവരങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തിയതിനുശേഷം ഇതിനു താഴെ റബ്ബറുത്പാദകസംഘം പ്രസിഡന്റ് സാക്ഷ്യപ്പെടുത്തണം. അംഗത്വം പുതുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ അംഗത്വം പുതുക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ ബില്ലുകൾ സമർപ്പിക്കാൻ കഴിയുകയുള്ളൂ.

### ഷീറ്റുറബ്ബറിനുള്ള ധനസഹായം കണക്കാക്കുന്ന രീതി

റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്ന റബ്ബർവില ഒരു കിലോഗ്രാം റബ്ബറിന് 180 രൂപയിൽ കുറയുമ്പോൾ മാത്രമേ സഹായധനം ലഭിക്കുകയുള്ളൂ. ആർ.എസ്.എസ്. നാലാം ഗ്രേഡ് ഷീറ്റുറബ്ബറിന് ബിൽ തീയതിയിൽ റബ്ബർബോർഡ് പ്രസിദ്ധീകരിച്ചിരിക്കുന്ന വിലയും അടിസ്ഥാനവിലയായി നിശ്ചയിച്ചിരിക്കുന്ന 180 രൂപയും തമ്മിലുള്ള വ്യത്യാസം റബ്ബറിനുള്ള പ്രോത്സാഹന ധനസഹായമായി കണക്കാക്കുന്നു.



### റബ്ബർപാലിന്റെ വില കണക്കാക്കുന്ന രീതി

റബ്ബർപാലിൽ അടങ്ങിയിരിക്കുന്ന റബ്ബറിന്റെ ഉണക്കത്തൂക്കം അടിസ്ഥാനമാക്കിയാണ് സഹായധനം നൽകുന്നത്. റബ്ബറിന്റെ താങ്ങുവിലയായ 180 രൂപയിൽനിന്ന് ആർ.എസ്.എസ്. നാലാം ഗ്രേഡ് ഷീറ്റിന്റെ നോട്ടിഫൈഡ് വില അല്ലെങ്കിൽ റബ്ബർപാലിന്റെ നോട്ടിഫൈഡ് വില ഇവയിൽ ഏതാണോ കൂടുതൽ ആ തുക കുറവ് ചെയ്യും. ഇങ്ങനെ ലഭിക്കുന്ന തുകയിൽനിന്ന് 10 രൂപ (ഒരു കിലോഗ്രാം ഷീറ്റുറബ്ബർ സംസ്കരിക്കുന്നതിന് വരുന്ന ചെലവ്) കുറച്ചുള്ള തുകയാണ് ഒരു കിലോ ഉണക്ക റബ്ബറിനുള്ള സഹായധനമായി നൽകുന്നത്.

### പദ്ധതിയുടെ കാലയളവ്

ഈ പദ്ധതിയുടെ പതിനൊന്നാംഘട്ടം 2025 ജൂലൈ ഒന്നു മുതൽ 2026 ജൂൺ 30 വരെയാണ്. ഈ കാലയളവിൽ ഒരു വർഷത്തേക്ക് സഹായധനം നൽകുന്നതിന് പരിഗണിക്കുന്ന റബ്ബറിന്റെ അളവ് ഹെക്ടർ പ്രതി 1800 കിലോഗ്രാം ഉണക്കത്തൂക്കമാണ്. ഓരോ ഘട്ടത്തിലും ജൂൺ വരെ വിൽക്കാതെ അവശേഷിച്ചിട്ടുള്ളതും ധനസഹായം നൽകുന്നതിന് പരിഗണിക്കാവുന്നതുമായ റബ്ബറിന്റെ അളവ് റദ്ദാക്കുന്നതാണ്.

കൃത്യമായ ഇടവേളകളിൽ റബ്ബർഷീറ്റ്, റബ്ബർപാൽ എന്നിവ വിറ്റ് ഒറിജിനൽ ബില്ലുകൾ റബ്ബറുത്പാദക സംഘങ്ങളിൽ സമർപ്പിക്കുകയും അവ കൃത്യമായും

**പട്ടിക 1: 2025 ജൂൺ 30 വരെ അംഗങ്ങളായ കർഷകരുടെ എണ്ണവും തോട്ടങ്ങളുടെ വിവരങ്ങളും**

| ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ എണ്ണം | രജിസ്റ്റർ ചെയ്തിട്ടുള്ള തോട്ടങ്ങളുടെ വിസ്തൃതി (ഹെക്ടറിൽ) | ടാപ്പുചെയ്യുന്ന തോട്ടങ്ങളുടെ വിസ്തൃതി (ഹെക്ടറിൽ) | പദ്ധതിയിലൂടെ കർഷകർക്ക് ആകെ നൽകിയിട്ടുള്ള സഹായധനം (കോടി രൂപ) |
|---|---|---|---|
| 561350 | 317223.79 | 2,86,850.99 | 2079.43 |



ക്രമമായും അപ്‌ലോഡ് ചെയ്യുകയും ചെയ്താൽ മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ പൂർണമായും ലഭിക്കുകയുള്ളൂ. ഈ പദ്ധതിയിൽ 2025 ജൂൺ 30 വരെ അംഗങ്ങളായ കർഷകരുടെ എണ്ണവും തോട്ടങ്ങളുടെ വിവരങ്ങളുമെല്ലാം പട്ടികകളിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2: 2015-2019, 2020-2024 കാലഘട്ടങ്ങളിൽ പദ്ധതിയിൽ ചേർന്ന ഗുണഭോക്താക്കളുടെ എണ്ണം, ബില്ലുകളുടെ എണ്ണം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ**

| ഘട്ടം | ഗുണഭോക്താക്കളുടെ എണ്ണം | ബില്ലുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 2015-2019 | 443239 | 7407683 | 17,38,28,89,000 |
| 2020-2024 | 234628 | 1568539 | 341,14,12,691 |
| | ആകെ | 8976222 | 20,79,43,01,691 |

**പട്ടിക 3: 2025 ജൂൺ 30 വരെ രജിസ്റ്റർ ചെയ്ത ആർ.പി.എസ്. -കൾ, ഗുണഭോക്താക്കൾ, രജിസ്ട്രേഷൻ പുതുക്കിയ ഗുണഭോക്താക്കൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ**

| ആകെ RPS കൾ | രജിസ്റ്റർ ചെയ്ത RPS കൾ | രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | അംഗീകാരം ലഭിച്ച ഗുണഭോക്താക്കൾ | രജിസ്ട്രേഷൻ പുതുക്കിയ ഗുണഭോക്താക്കൾ |
|---|---|---|---|---|
| 2267 | 1918 | 561530 | 543493 | 354093 |

### കർഷകർ അറിഞ്ഞിരിക്കേണ്ട മറ്റ് വിവരങ്ങൾ

ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തപ്പോൾ നൽകിയിരിക്കുന്ന പേരും ബില്ലിൽ രേഖപ്പെടുത്തിയ പേരും ഒന്നുതന്നെയാണെന്നും ഉത്പന്നത്തിന്റെ ഇനം (ഷീറ്റ്/പാൽ), തൂക്കം, ഉണക്കത്തൂക്കം തുടങ്ങിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പുവരുത്തണം. ബില്ലുകളിൽ തീയതി, മെഷീൻ ഉപയോഗിച്ച് രേഖപ്പെടുത്തിയ ക്രമനമ്പർ, ഡീലർ നമ്പർ തുടങ്ങിയവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. യാതൊരു കാരണവശാലും ബില്ലിന്റെ പകർപ്പ് സ്വീകരിക്കുന്നതല്ല. റബ്ബർ വിൽക്കുമ്പോൾ, റബ്ബർബോർഡിൽ കൃത്യമായി റിട്ടേണുകൾ സമർപ്പിക്കുന്ന അംഗീകൃത റബ്ബർവ്യാപാരികളുടെ പക്കൽനിന്ന് ലഭിക്കുന്ന ബില്ലുകളാണ് സമർപ്പിക്കേണ്ടത്. അല്ലാത്തവ നിരസിക്കപ്പെടും.

ടാപ്പുചെയ്യുന്ന തോട്ടങ്ങളിലെ റബ്ബർമരങ്ങൾ മുറിച്ച് വിൽക്കുകയോ പുതിയ മരങ്ങളിൽ ടാപ്പിങ് ആരംഭിക്കുകയോ ചെയ്യുമ്പോൾ കൃഷിവിസ്തൃതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. ഇതിനായി വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ പ്രത്യേക അപേക്ഷ റബ്ബറുത്പാദക സംഘത്തിൽ നൽകണം. സംഘത്തിന്റെ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ അപേക്ഷ ബന്ധപ്പെട്ട റബ്ബർ ബോർഡ് ഓഫീസർക്ക് കൈമാറണം. റബ്ബർബോർഡ് ഓഫീസർ അപേക്ഷ പരിഗണിച്ച് വെബ്സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയതിനുശേഷം പുതുക്കിയ കൃഷിവിസ്തൃതിക്കനുസരിച്ച് അനുവദനീയമായ ധനസഹായം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

പദ്ധതിയിൽ അംഗമായ ആളോ അയാളുടെ മരണശേഷം അനന്തരാവകാശികളോ റബ്ബർതോട്ടം മറ്റൊരാൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ സ്ഥലം വാങ്ങിയ ആളിന് പുതിയ അപേക്ഷ നൽകാം. പുതിയ അപേക്ഷയിൽ സ്ഥലത്തിന്റെ പഴയ ഉടമയുടെ അംഗത്വ നമ്പർ രേഖപ്പെടുത്തിയിരിക്കണം. കൈമാറ്റം ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി പഴയ ഉടമയുടെ അപേക്ഷയിൽനിന്ന് ഓൺലൈനിൽ കുറവ് ചെയ്ത് പുതിയ അപേക്ഷയിൽ ചേർക്കുകയും വേണം.

അപേക്ഷകർ മരണപ്പെട്ടാൽ അവരുടെ കൃഷിഭൂമി ക്രയവിക്രയം നടത്തിയിട്ടില്ലെങ്കിൽ അംഗത്വം അനന്തരാവകാശികൾക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. ഇതിനാവശ്യമായ സർട്ടിഫിക്കറ്റുകളും സത്യപ്രസ്താവനയും കൃത്യമായി നൽകണം. അംഗത്വം, വിസ്തൃതി മുതലായവ മാറ്റം വരുത്തുന്നതിനുള്ള അപേക്ഷ അപ്‌ലോഡ് ചെയ്യുന്നതിനു മുൻപ് പ്രാഥമിക പരിശോധനയ്ക്കായി ബന്ധപ്പെട്ട റബ്ബർബോർഡ് ഓഫീസർക്ക് നൽകേണ്ടതാണ്. ഇത് അപേക്ഷ നടപ്പിൽ വരുത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സഹായിക്കും.

### പരിശോധന

യഥാർത്ഥ ഗുണഭോക്താക്കൾക്കാണ് പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് റബ്ബർ ബോർഡും കേരള സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗവും മൂന്നു മാസത്തിലൊരിക്കൽ പരിശോധന നടത്തും.

### റബ്ബറുത്പാദകസംഘങ്ങളിൽ (RPS) പദ്ധതിയുടെ സ്വാധീനം

റബ്ബറുത്പാദന പ്രോത്സാഹനപദ്ധതി റബ്ബർകർഷകർക്കിടയിൽ സഹകരണ മനോഭാവം വളർത്തുന്നതിന് വലിയ സംഭാവന നൽകിയിട്ടുണ്ട്. ഇത് റബ്ബറുത്പാദക സംഘങ്ങളുടെ വളർച്ചയ്ക്കും സഹായകമായി. മുമ്പ്, പല റബ്ബറുത്പാദകസംഘങ്ങളും രജിസ്ട്രേഷൻ പുതുക്കുന്നതിനും റിട്ടേണുകൾ സമർപ്പിക്കുന്നതിനും കാലതാമസം വരുത്തിയിരുന്നു. എന്നാൽ, ഈ പദ്ധതി നിലവിൽ വന്നതോടെ എല്ലാ ആർ.പി.എസ്. -കളും അവയുടെ രജിസ്ട്രേഷനുകൾ അതത് ജില്ലാ രജിസ്ട്രാർ ഓഫീസുകളിൽ കൃത്യമായി പുതുക്കി പ്രവർത്തനക്ഷമമായി.

### കൂടുതൽ വിവരങ്ങൾ

ഈ പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് ഓഫീസുകളിൽനിന്നോ റബ്ബർ ബോർഡിന്റെ കോട്ടയത്തെ കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്ററിൽ (0481 2576622) നിന്നോ ലഭിക്കുന്നതാണ്. •






എസ്. നിർമ്മൽകുമാർ
ഡെവലപ്മെന്റ് ഓഫീസർ



ദീപാ സുകുമാർ
ഫീൽഡ് ഓഫീസർ

# കാർഷിക പഠനയാത്രകൾ

കാർഷികമേഖലയിലെ നവീകരണത്തിനും ഉത്പന്നങ്ങളുടെ ഗുണമേന്മാവർധനയ്ക്കും കർഷകരുടെ നൈപുണ്യവും അറിവും വർധിപ്പിക്കുന്നതിനും കാർഷികപഠനയാത്രകളും പരിശീലനപരിപാടികളും ഏറെ സഹായകമാണ്. നൂതന കൃഷിരീതികളും സാങ്കേതികവിദ്യകളും കർഷകർക്ക് നേരിൽ കണ്ടു പഠിക്കുന്നതിനോടൊപ്പം വിദഗ്ധരുമായി സംവദിക്കാനും പുരോഗമന കർഷകരെ നേരിട്ടു കണ്ട് അവരുടെ കൃഷിരീതികൾ മനസിലാക്കാനും കർഷകർക്ക് സാധിക്കുന്നു. ഇത്തരം സന്ദർശന പരിപാടികൾ കർഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക മാത്രമല്ല അവരിൽ സംരംഭകത്വം വളർത്താനും പരമ്പരാഗത കൃഷിമുറകളിൽ നിന്ന് നൂതനകൃഷിരീതിയിലേക്ക് മാറാനും പ്രേരണയാകുന്നു. റബ്ബർകൃഷിമേഖലയിലെ സമഗ്രവികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, റബ്ബർബോർഡ് എന്നിവയുടെ സംയുക്തമായ ആഭിമുഖ്യത്തിൽ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള 23 റബ്ബർകർഷകർ അടങ്ങുന്ന ഒരു സംഘം രണ്ടു ദിവസം നീണ്ടുനിന്ന പഠനയാത്രയിലും പരിശീലനപരിപാടിയിലും പങ്കെടുത്തു.

റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിലെ ഡെവലപ്മെന്റ് ഓഫീസർ നിർമ്മൽ കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിലെ ചേത്തയ്ക്കലിൽ സ്ഥിതി ചെയ്യുന്ന സെൻട്രൽ എക്സ്പെരിമെന്റ് സ്റ്റേഷൻ (CES) ആണ് ആദ്യം സന്ദർശിച്ചത്. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ വിവിധ ഡിവിഷനുകൾ പരീക്ഷണങ്ങൾ നടത്തുന്ന തോട്ടങ്ങൾ നേരിൽകണ്ട് മനസ്സിലാക്കാൻ സംഘത്തിന് സാധിച്ചു. കൂടാതെ 2004-ൽ ക്രൗൺ ബഡ്ഡിങ് നടത്തി ഇപ്പോൾ ടാപ്പിങ് നടക്കുന്ന തോട്ടം, ഡ്രോൺ ഉപയോഗിച്ച് സ്പ്രേയിങ് നടത്തിയ തോട്ടം, റബ്ബർതോട്ടങ്ങളിൽ നിന്ന് അധികവരുമാനം ഉറപ്പാക്കുന്നതിനായി ഇടവിളക്കൃഷി ചെയ്തിരിക്കുന്ന സ്ഥലം എന്നിവ കാണാൻ സംഘാംഗങ്ങൾക്ക് കഴിഞ്ഞു. സെൻട്രൽ എക്സ്പെരിമെന്റ് സ്റ്റേഷനിലെ ശാസ്ത്രജ്ഞനായ ഡോ. എം. സൂര്യകുമാർ ഇവിടുത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. തുടർന്ന് സംഘം കോട്ടയം ജില്ലയിലെ മുക്കടയിലുള്ള റബ്ബർബോർഡിന്റെ സെൻട്രൽ നഴ്സറിയിൽ എത്തിച്ചേർന്നു. അവിടെ ക്ലോൺ മ്യൂസിയം, ബഡ്ഡുവുഡ്ഡ് നഴ്സറി, കപ്പുതൈകളുടെ ഉത്പാദനവും പരിപാലനവും, തൈകളുടെ ഗുണമേന്മ ഉറപ്പാക്കൽ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ നേരിൽകണ്ട് മനസ്സിലാക്കി.

ഏതാണ്ട് 90 വിദേശ രാജ്യങ്ങളിലേക്ക് സർജിക്കൽ കയ്യുറകൾ കയറ്റുമതി ചെയ്യുന്ന കാഞ്ഞിരപ്പള്ളിയിലുള്ള




സംഘാംഗങ്ങൾ ചേത്തയ്ക്കലിലെ സെൻട്രൽ എക്സ്പെരിമെന്റ് സ്റ്റേഷൻ സന്ദർശിച്ചപ്പോൾ

സെന്റ് മേരീസ് സർജിക്കൽ ഗ്ലൗസ് ഫാക്ടറി സംഘം സന്ദർശിക്കുകയുണ്ടായി. ആട്ടോമാറ്റിക് മെഷീൻ സംവിധാനത്തിൽ മനുഷ്യരുടെ കരസ്പർശം ഏൽക്കാതെ സെൻട്രിഫ്യൂജ്ഡ് ലാറ്റക്സിൽ നിന്നും പ്രതിദിനം എട്ടു ലക്ഷം ജോഡി സർജിക്കൽ ഗ്ലൗസ് ഉത്പാദിപ്പിക്കുന്ന ഫാക്ടറിയുടെ സംവിധാനം സംഘാംഗങ്ങൾ കൗതുകപൂർവ്വം വീക്ഷിച്ചു മനസ്സിലാക്കി. ഇന്ത്യയിലെ വിവിധ സർക്കാർ ആശുപത്രികളിലേക്ക് സർജിക്കൽ ഗ്ലൗസ് വിതരണം ചെയ്യുന്ന ഈ ഫാക്ടറിയുടെ ഉത്പാദനശേഷി അടുത്ത നാലു മാസത്തിനുള്ളിൽ പ്രതിദിനം 11 ലക്ഷം ജോഡിയായി ഉയർത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുങ്ങിവരുന്നു. പ്ലൈവുഡ് വേസ്റ്റ് ഇന്ധനമായി ഉപയോഗിക്കുന്ന ഈ ഫാക്ടറിയുടെ സവിശേഷമായ മാലിന്യസംസ്കരണ സംവിധാനവും നേരിൽ കണ്ടു മനസിലാക്കി.

തുടർന്ന് സ്ക്രാപ്പുറബ്ബറിൽ നിന്ന് ക്രംബ് റബ്ബർ ഉത്പാദിപ്പിക്കുന്ന റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള കവണാർ ലാറ്റക്സ് ലിമിറ്റഡ് എന്ന കമ്പനി സന്ദർശിച്ചു. അതിനുശേഷം സംഘം ഈരാറ്റുപേട്ടയ്ക്ക് സമീപം പ്രവർത്തിക്കുന്ന തുരുത്തിയിൽ റബ്ബേഴ്സിന്റെ പ്രോസസ്സിങ് യൂണിറ്റിലേക്കാണ് പോയത്. ഷീറ്റുനിർമാണരംഗത്തെ സാങ്കേതിക മുന്നേറ്റമായ ട്രോളി ടണൽ പുകപ്പുര, നബാർഡിന്റെ റൂറൽ ഇന്നവേഷൻ ഫണ്ടിന്റെ സഹായത്തോടെ വാങ്ങിയ ടെട്രാപാൻ ട്രേകൾ എന്നിവ സംഘാംഗങ്ങൾ നിരീക്ഷിച്ചു. സാധാരണമായി ഉപയോഗിക്കുന്ന ലംബമായ ചിമ്മിനി മോഡൽ പുകപ്പുരയ്ക്കു പകരമായി ഇന്ധനം ലാഭിക്കാവുന്നതും താരതമ്യേന എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്നതുമായ ട്രോളി ടണൽ പുകപ്പുരയുടെ പ്രവർത്തനം നേരിൽ കണ്ടു മനസ്സിലാക്കാൻ സംഘാംഗങ്ങൾക്ക് കഴിഞ്ഞു.

കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിലായിരുന്നു രണ്ടാം ദിവസത്തെ സന്ദർശനം. ഡെവലപ്മെന്റ് ഓഫീസർ എ.ജെ. ജോസ് റബ്ബർ ബോർഡ് നടത്തിവരുന്ന വിവിധ പരിശീലനപരിപാടികളെ സംബന്ധിച്ചുള്ള വിശദീകരണം സംഘാംഗങ്ങൾക്ക് നൽകി. തുടർന്ന് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രവും സന്ദർശിച്ചു. അഗ്രോണമി, ബോട്ടണി, പതോളജി തുടങ്ങി അവിടുത്തെ വിവിധ ഡിവിഷനുകളും റബ്ബർ ഇൻക്യുബേഷൻ സെന്ററും സംഘം സന്ദർശിച്ച് വിദഗ്ധരുമായി സംവദിച്ചു. കാലാവസ്ഥാവ്യതിയാനം അതിജീവിക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വിദഗ്ധർ കർഷകർക്ക് മാർഗനിർദേശം നൽകി. കൃഷിക്ക് സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും



സംഘാംഗങ്ങൾ സെന്റ് മേരീസ് സർജിക്കൽ ഗ്ലൗസ് ഫാക്ടറി സന്ദർശിക്കുന്നു



സംഘാംഗങ്ങൾ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം സന്ദർശിച്ചപ്പോൾ




*പഠനയാത്രാസംഘം ന്യൂ അമ്പാടി എസ്റ്റേറ്റ് സന്ദർശിച്ചപ്പോൾ*

ഓരോ സ്ഥലത്തേക്കും യോജിച്ച ഇനങ്ങൾ, നടീൽ വസ്തുക്കൾ എന്നിവ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, മണ്ണ് - ജലം എന്നിവ സംരക്ഷിക്കാനുള്ള മാർഗങ്ങൾ, രോഗപ്രതിരോധ മാർഗങ്ങൾ, റെയിൻ ഗാർഡിങ് നടത്തേണ്ടതിന്റെ ആവശ്യകത എന്നിവയെക്കുറിച്ചെല്ലാം വിദഗ്ധർ കർഷകർക്ക് വിശദീകരിച്ചുകൊടുത്തു. ശാസ്ത്രജ്ഞരുമായി കർഷകർ സംശയനിവാരണം നടത്തുകയും ചെയ്തു. ഒരു റബ്ബർതൈ നടുന്നതു മുതൽ വിളവെടുത്ത് വിപണനം നടത്തുന്നതുവരെ ശാസ്ത്രീയമാർഗങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കാൻ ഈ സന്ദർശനം കർഷകരെ സഹായിച്ചു.

കൂടാതെ, തിരുവനന്തപുരം റീജിയണൽ ഓഫീസ് സംഘടിപ്പിച്ച വിവിധ തീവ്രബോധന പരിപാടികളിൽ പങ്കെടുത്തവരിൽനിന്ന് തെരഞ്ഞെടുത്ത 125 കർഷകരെ എട്ട് ഗ്രൂപ്പുകളാക്കി തിരിച്ച് പഠനയാത്രകളും പരിശീലന പരിപാടികളും നടത്തുകയുണ്ടായി. മുക്കുകട, പേയാട്, വെള്ളൂർക്കോണം, കള്ളിമൂട്, പാലിയോട്, ചെമ്പൂർ, മഞ്ചവിളാകം എന്നീ ഉത്പാദകസംഘങ്ങളിൽ നിന്നുള്ള ഗ്രൂപ്പുകൾ തമിഴ്നാട് കളിയലിൽ വില്ലേജിലെ നെട്ട എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന വൈകുണ്ഠം എസ്റ്റേറ്റ്, പേണുവിലുള്ള കാന്തിമതി എസ്റ്റേറ്റ്, ആലഞ്ചോല ന്യൂ അമ്പാടി എസ്റ്റേറ്റ്, കളിയലിലെ റബ്ബർ ബാൻഡ് ഫാക്ടറി എന്നിവ സന്ദർശിച്ചു. ന്യൂ അമ്പാടി എസ്റ്റേറ്റിലെ 410 ഹെക്ടർ സ്ഥലത്തെ ഏകദേശം രണ്ടുലക്ഷം മരങ്ങളിൽ ആഴ്ചയിലൊരിക്കൽ ടാപ്പിങ് കേവലം 65 ടാപ്പിങ് തൊഴിലാളികളെ ഉപയോഗിച്ച് ചെയ്തുവരുന്നത് സംഘാംഗങ്ങൾക്ക് പുതിയ അനുഭവമായിരുന്നു. എസ്റ്റേറ്റിൽ ക്രൗൺ ബഡ്ഡിങ് വിജയകരമായി നടത്തി മൂന്നു വർഷം പിന്നിട്ട തോട്ടവും സംഘം സന്ദർശിച്ചു. ഇവിടെ പ്രവർത്തിക്കുന്ന ബ്രൗൺ ക്രീപ് റബ്ബർ ഫാക്ടറിയുടെയും സെൻട്രിഫ്യൂജിങ് ഫാക്ടറിയുടെയും പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസിലാക്കാൻ സംഘാംഗങ്ങൾക്ക് കഴിഞ്ഞു.



*പഠനയാത്രാസംഘം വൈകുണ്ഠം എസ്റ്റേറ്റ് സന്ദർശിച്ചപ്പോൾ*



*ക്രൗൺ ബഡ്ഡിങ്ങിനെക്കുറിച്ച് ഡോ. ഷാജി ഫിലിപ്പ് സംഘാംഗങ്ങൾക്ക് വിശദീകരിച്ചു നൽകുന്നു*

ആയിരം ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന വൈകുണ്ഠം എസ്റ്റേറ്റിലെ 1.10 ലക്ഷം മരങ്ങളിൽ 44 തൊഴിലാളികളെ ഉപയോഗിച്ച് ആഴ്ചയിലൊരിക്കൽ ടാപ്പിങ് നടത്തിവരുന്നു. വൈകുണ്ഠം എസ്റ്റേറ്റിലെ ഒരു മരത്തിന്റെ ശരാശരി വാർഷിക ഉത്പാദനം 6.7 കി.ഗ്രാം ആണ് എന്നതും ശ്രദ്ധേയമാണ്. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം പരീക്ഷണങ്ങൾ നടത്തുന്ന തോട്ടങ്ങൾ ഉൾപെടുന്ന പേണുവിലെ കാന്തിമതി എസ്റ്റേറ്റും സംഘാംഗങ്ങൾ സന്ദർശിച്ചു. വെള്ളറട റബ്ബറുത്പാദകസംഘത്തിൽ നിന്നുള്ള സംഘവും ശാസ്ത്രദർശൻ പരിപാടിയുടെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങും ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രവും സന്ദർശിച്ചു.

കാർഷികപഠനയാത്രകളും പരിശീലനപരിപാടികളും കർഷകർക്ക് കൃഷി ശാസ്ത്രീയമാക്കുന്നതിന് വേണ്ട മാർഗനിർദ്ദേശം ലഭിക്കുന്നതിനും പുതിയ അറിവുകൾ നേടുന്നതിനും സഹായകമായ അത്യന്തം പ്രാധാന്യമുള്ള പ്രവർത്തനങ്ങളാണ്. ഒരു കർഷകന്റെ കൃഷിരീതികൾ മികച്ചതാക്കാൻ ഇത്തരം യാത്രകൾ ഉപകരിക്കും. •




സ്ലീബ വി. പോൾ
ഫാം ഓഫീസർ

# മോഡേണായി
# മോഡൽ ആർ.പി.എസ്.

ചെറുകിട റബ്ബർകർഷകരുടെ കൂട്ടായ്മയായ റബ്ബറുത്പാദകസംഘങ്ങൾ 1986–ലാണ് റബ്ബർ ബോർഡിന്റെ നേതൃത്വത്തിൽ രൂപവത്കരിച്ചത്. റബ്ബർകർഷകർക്ക് വേണ്ട ഉത്പാദനോപാധികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക, കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക എന്നിവയായിരുന്നു റബ്ബറുത്പാദകസംഘങ്ങളുടെ സ്ഥാപകലക്ഷ്യങ്ങൾ. കഴിഞ്ഞ നാലു പതിറ്റാണ്ടുകൾക്കിടയിൽ പ്രകൃതിദത്ത റബ്ബർ മേഖല ഉയർച്ചയും താഴ്ച്ചയും നേരിടുകയുണ്ടായി. സംഘങ്ങളിൽ ചിലത് ഇടക്കാലത്ത് വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായിട്ടുണ്ട്. ചിലത് നാമമാത്രമായി പ്രവർത്തിക്കുന്നു. എന്നാൽ, പ്രതിസന്ധികളിൽ തളരാതെ നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ച് മറ്റു ഉത്പാദകസംഘങ്ങൾക്ക് മാതൃകയായി പ്രവർത്തിക്കുന്ന സംഘങ്ങളും ഉണ്ട്. അതിൽ ഉൾപെടുന്ന ഒരു സംഘമാണ് ഇടുക്കിജില്ലയിൽ തൊടുപുഴ റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള കരിമണ്ണൂർ മോഡൽ റബ്ബറുത്പാദകസംഘം.

1987–ൽ നെയ്യശ്ശേരി സെന്റ് സെബാസ്റ്റ്യൻസ് പള്ളി അധികൃതർ നാമമാത്രമായ വിലയ്ക്ക് നൽകിയ ഇരുപത് സെന്റ് സ്ഥലത്താണ് ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. പിന്നീട് ഈ സ്ഥലത്തോട് ചേർന്ന് മറ്റൊരു ഇരുപതു സെന്റ് സ്ഥലംകൂടി സംഘം വാങ്ങുകയുണ്ടായി. കർഷകർക്കുള്ള ഉത്പാദനോപാധികൾ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുക മാത്രമായിരുന്നു ആദ്യകാലത്ത് സംഘം ചെയ്തിരുന്നത്. പിന്നീട് 1991–ൽ റബ്ബർബോർഡു കമ്പനിയായ പെരിയാർ ലാറ്റക്സുമായി ബന്ധപ്പെട്ട് സംഘം റബ്ബർപാൽ സംഭരണം തുടങ്ങി. 2005–ൽ ഒരു പുകപ്പുര നിർമിക്കാനും ചെറുകിടകർഷകരിൽ നിന്ന് റബ്ബർപാൽ ശേഖരിച്ച് ഷീറ്റാക്കി വിപണനം ചെയ്യാനും സംഘത്തിന് കഴിഞ്ഞു. ഇന്ന് സംഘത്തിന് അഞ്ച് പുകപ്പുരകൾ ഉണ്ട്. മുന്നൂറ് കർഷകർ ഇന്ന് സംഘത്തിൽ അംഗങ്ങളായിട്ടുണ്ട്. അതിൽ 120 അംഗങ്ങൾ റബ്ബർപാൽ ഈ സംഘത്തിനാണ് നൽകുന്നത്.

പുകപ്പുരയിൽ ഈർപം നിലനിൽക്കുന്നതിനാൽ ഷീറ്റുകൾ ഉണങ്ങിയെടുക്കുന്നതിന് താമസം നേരിടുകയും അങ്ങനെ സംഘത്തിന് ഗ്രേഡ്ഷീറ്റ് ഉണ്ടാക്കുന്നത് ബുദ്ധിമുട്ടാകുകയും ചെയ്തു. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയ സംഘം ഭാരവാഹികൾ വിവിധ ഏജൻസികളുമായി ഈ പ്രശ്നം ചർച്ച ചെയ്തു. ഷീറ്റുകൾ ഉണക്കിയെടുക്കാനുള്ള താമസം കുറയ്ക്കാനായി പുകപ്പുരയുടെ



സോളാർ ഡ്രിപ്പിങ് ഷെഡ്



സംഘം ഉത്പാദിപ്പിക്കുന്ന ഉയർന്ന ഗ്രേഡിലുള്ള ഷീറ്റുമായി പ്രസിഡന്റ് രാജു പാടത്തിൽ

ഉയരം ക്രമീകരിച്ചതടക്കമുള്ള മാറ്റങ്ങൾ വരുത്തി. ഷീറ്റുകൾ ഉണക്കുന്നത് ട്രോളി സ്റ്റാന്റുകളിലാക്കിയതോടെ ഷീറ്റ് ഇടുന്നതും എടുക്കുന്നതും ആയാസരഹിതമായി. ഷീറ്റിടാനായി റീപ്പർകമ്പുകൾക്ക് പകരം അലുമിനിയം റാഡുകൾ ഉപയോഗിക്കുക വഴി ഷീറ്റുകളിൽ റീപ്പർ മാർക്ക് വരുന്നത് തടയാൻ കഴിഞ്ഞു. കൂടാതെ, അലൂമിനിയം റാഡുകൾ വൃത്തിയാക്കാനും എളുപ്പമാണ്. ചൂളകൾ നവീകരിച്ച് ചൂട് കാറ്റ് ബ്ലോവർ ഉപയോഗിച്ച് നേരിട്ട് പുകപ്പുരയിലെത്തിക്കുന്ന സംവിധാനം നടപ്പാക്കിയതോടെ ഗ്രേഡ്ഷീറ്റ് ഉണ്ടാക്കിയെടുക്കാനുണ്ടായിരുന്ന തടസ്സങ്ങൾ ഏതാണ്ട് മാറിക്കിട്ടി. ഷീറ്റുകൾ വേഗം ഉണങ്ങിയെടുക്കാൻ കഴിഞ്ഞതോടെ വിറകുപയോഗം വളരെയധികം കുറഞ്ഞു. അങ്ങനെ ഷീറ്റ് ഉണക്കാനുള്ള ചെലവ് പകുതിയായി കുറയ്ക്കാൻ സാധിച്ചു എന്ന് സംഘം പ്രസിഡന്റ് പറയുകയുണ്ടായി. ചൂളയും ബ്ലോവറും വെച്ച് പുകപ്പുര നവീകരിക്കുന്നതിനായി 10 ലക്ഷത്തോളം രൂപ ചെലവു വന്നു. അംഗങ്ങളെല്ലാവരും ഒറ്റക്കെട്ടായി സഹകരിച്ച് പ്രവർത്തിച്ചതിനാൽ സംഘത്തിന് ഇത് നടത്തിയെടുക്കാൻ വലിയ ബുദ്ധിമുട്ടുണ്ടായില്ല.

പുകപ്പുരയിൽ വെള്ളം ഡ്രിപ്പു ചെയ്യുന്നതില്ലാതാക്കാനും ഷീറ്റുകൾ വേഗം ഉണങ്ങിയെടുക്കാനും വിറകുപയോഗം കുറയ്ക്കാനും സോളാർ ഡ്രിപ്പിങ്ങ്ഷെഡ് ഉപകരിക്കുമെന്നുള്ള അറിവ് കിട്ടിയതോടെ അതിനായുള്ള ശ്രമങ്ങൾ തുടങ്ങി. അതിനിടെ പ്രമുഖ ടയർ കമ്പനിയായ ബ്രിഡ്ജ്സ്റ്റോണിന്റെ സഹായത്തോടെ കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്ന സോളിഡാരിഡാഡ് എന്ന ഏജൻസിയുമായി സംഘം ഭാരവാഹികൾ ബന്ധപ്പെട്ടു. സോളിഡാരിഡാഡ് റബ്ബറുത്പാദകസംഘത്തിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം ഒരു സോളാർ ഡ്രിപ്പിങ് ഷെഡിന് വേണ്ട ധനസഹായം വാഗ്ദാനം ചെയ്തു. പോളി കാർബണേറ്റ് ഷീറ്റ് ഉപയോഗിച്ച് നിർമിക്കുന്നതും സൂര്യപ്രകാശത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതുമാണിത്. ഉള്ളിലെ ആപേക്ഷിക ആർദ്രതയും ചൂടും ക്രമീകരിക്കാൻ ഇതിൽ സംവിധാനം ഉണ്ട്. ഇതിന് മൂന്നുലക്ഷത്തോളം രൂപ ചെലവ് വന്നു. രണ്ട് ലക്ഷം രൂപ സോളിഡാരിഡാഡ് സഹായധനമായി നൽകി. അങ്ങനെ കഴിഞ്ഞ മാർച്ചിൽ 1000 ഷീറ്റ് ഇടാവുന്ന സോളാർ ഡ്രിപ്പിങ്ങ് ഷെഡ് പുകപ്പുരയോട് ചേർന്ന് സ്ഥാപിക്കാൻ കഴിഞ്ഞു. ഇപ്പോൾ ഒന്നാം ഗ്രേഡ് ഷീറ്റുകൾ ഉണ്ടാക്കാൻ കഴിയുന്നുണ്ട്. അടിച്ചെടുത്ത ഷീറ്റുകൾ ഉടനെ ഡ്രിപ്പിങ് ഷെഡിൽ ഇട്ടശേഷം അന്നുതന്നെ പുകപ്പുരയിലിടുന്നതുകൊണ്ട് പുകപ്പുരയിൽ വെള്ളം ഡ്രിപ്പു ചെയ്യുന്നത് ഒഴിവാക്കാനും വിറകിനായി ചെലവഴിച്ചിരുന്ന തുക കുറയ്ക്കാനും കഴിഞ്ഞു. റബ്ബറിൽ ഇടവിളക്കൃഷി ചെയ്യുന്നതിനായി കാപ്പി, കൊക്കോ എന്നിവയുടെ തൈകളും സോളിഡാരിഡാഡ് സംഘാംഗങ്ങളായ കർഷകർക്ക് സൗജന്യമായി നൽകുകയുണ്ടായി.

ഉത്പാദകസംഘം കർഷകരിൽ നിന്ന് റബ്ബർപാൽ നേരിട്ട് സംഭരിക്കുന്നു. തോട്ടത്തിൽ നിന്ന് പാൽ ശേഖരിക്കാനായി സംഘത്തിന് സ്വന്തമായി ഒരു വാഹനം ഉണ്ട്. ഓരോ കർഷകർക്കും റബ്ബർപാൽ സംസ്കരണശാലയിൽ എത്തിക്കാനായി പ്രത്യേകം മാർക്ക് ചെയ്ത രണ്ടു ക്യാനുകൾവീതം നൽകിയിട്ടുണ്ട്. ഒരു ക്യാനിൽ പാൽ എടുത്തുകൊണ്ടുപോരുമ്പോൾ മറ്റൊരെണ്ണം തോട്ടത്തിൽ വയ്ക്കുന്നു. പാലിന്റെ ഉണക്കത്തൂക്കം നിർണയിക്കാൻ സംഘത്തിൽതന്നെ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിന



അടിച്ചെടുത്ത ഷീറ്റുകൾ ഉണങ്ങാനായി റീപ്പറുകളിൽ നിരത്തുന്നു



അഗ്രോ ഫുഡ് പ്രോസസ്സിങ് യൂണിറ്റിന്റെ ഉത്പന്നങ്ങൾ




*സംഘം ഭാരവാഹികളായ ജോസ് കരിമ്പാനി, ജെയ്മോൻ തോട്ടത്തിമാലിൽ, വിൻസെന്റ് എമ്മാനുവേൽ അരഞ്ഞാണിയിൽ, രാജു പാടത്തിൽ, ജോമോൻ വടശേരിൽ, മാത്യു ആയത്തുപാടം, സെക്രട്ടറി സജി വെട്ടിക്കാട്ട് എന്നിവർ (ഇടത്തുനിന്ന്)*

നുസരിച്ചാണ് കർഷകർക്ക് റബ്ബർപാലിന് വില നൽകുന്നത്. അതതു സമയത്തെ RSS 4 ഗ്രേഡ് ഷീറ്റിന്റെ വിലയിൽ നിന്നും 12 രൂപ കുറച്ചാണ് റബ്ബർപാലിന് വില കൊടുക്കുന്നത്. റബ്ബർപാൽ സംസ്കരിച്ച് ഉയർന്ന ഗ്രേഡിലുള്ള ഷീറ്റുകൾ ഉണ്ടാക്കി വിൽപന നടത്തുന്നതിലൂടെ സംഘത്തിനു ലഭിക്കുന്ന ലാഭം അംഗങ്ങൾക്കിടയിൽ ബോണസ് ആയി വിതരണം ചെയ്യുന്നു.

കർഷകർ ഉത്പാദിപ്പിക്കുന്ന മറ്റു കാർഷികോത്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഉത്പാദകസംഘം 2017-ൽ 'നെയ്യശ്ശേരി അഗ്രോ ഫുഡ് പ്രോസസ്സിങ് യൂണിറ്റ്' എന്നൊരു എം.എസ്.എം.ഇ. (M.S.M.E.) യൂണിറ്റിന് രൂപം കൊടുത്തു. നബാർഡിന്റെ ധനസഹായത്തോടെ തുടങ്ങിയ, 15 ലക്ഷത്തോളം രൂപ മുതൽമുടക്കുള്ള ഈ യൂണിറ്റിന്റെ 15 ശതമാനം ഷെയർ ഉത്പാദകസംഘത്തിന്റേതാണ്. ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്ന എഫ്.എസ്.എസ്.എ.ഐ. (FSSAI) യുടെ അംഗീകാരവും ഈ യൂണിറ്റിനുണ്ട്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി 50 ലക്ഷത്തോളം രൂപ മുതൽ മുടക്കി ധാന്യങ്ങൾ പൊടിക്കാനും എണ്ണ ആട്ടിയെടുക്കാനുമുള്ള യന്ത്രങ്ങളും ഭക്ഷണസാധനങ്ങൾ കേടാകാതെ സൂക്ഷിക്കാനുള്ള ഫ്രീസറുകളും ഇവിടെ വാങ്ങിച്ചു. യൂണിറ്റിൽ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ സമയബന്ധിതമായി വിപണനം നടത്താൻ ഒരു പിക്കപ്പ് വാനുമുണ്ട്. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ ഇവിടെ കൊണ്ടു വന്ന് ശാസ്ത്രീയമായി സംസ്കരിച്ചെടുക്കാവുന്നതാണ്. മാത്രമല്ല, കർഷകരിൽ നിന്ന് ഉത്പന്നങ്ങൾ നേരിട്ട് ശേഖരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വിപണനവും നടത്തുന്നു. കൂടാതെ, വിവിധതരം പലഹാരങ്ങൾ, കറിപ്പൊടികൾ, മസാലപ്പൊടികൾ, അരിപ്പൊടികൾ, അച്ചാറുകൾ, വെളിച്ചെണ്ണ മുതലായവയും ഇവിടെ വിൽപനയ്ക്കുണ്ട്. ഗുണമേന്മ കൃത്യമായി പാലിച്ചുകൊണ്ട് രുചികരമായി തയ്യാറാക്കുന്ന ഇവിടത്തെ വിഭവങ്ങൾക്ക് ന്യായമായ വില മാത്രമാണ് ഈടാക്കുന്നത്. ഈ കാരണങ്ങളാൽ നെയ്യശ്ശേരി ഫുഡ് പ്രോഡക്ട്സിന്റെ ഉത്പന്നങ്ങൾ വിപണിയിൽ വിറ്റഴിക്കാൻ ഒരു ബുദ്ധിമുട്ടും നേരിടുന്നില്ല.

റബ്ബർബോർഡിന്റെ തൊടുപുഴ റീജിയണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന കരിമണ്ണൂർ മോഡൽ ആർ.പി.എസ്.-നെ നയിക്കുന്നത് രാജു പാടത്തിൽ (പ്രസിഡന്റ്), വിൻസെന്റ് എമ്മാനുവേൽ അരഞ്ഞാണിയിൽ (വൈസ് പ്രസിഡന്റ്), എന്നിവരും ഡയറക്ടർ ബോർഡ് അംഗങ്ങളായ ജോസ് കരിമ്പാനി, ജെയ്മോൻ തോട്ടത്തിമാലിൽ, ജോമോൻ വടശേരിൽ, മാത്യു ആയത്തുപാടം, സണ്ണി ഉറുമ്പിൽ എന്നിവരുമാണ്. ഇവരെ കൂടാതെ സജി വെട്ടിക്കാട്ട് സെക്രട്ടറിയായും ഷൈനി മാത്യു, സ്മില്ലി ജോൺ എന്നിവർ ഓഫീസ് അസിസ്റ്റന്റുമാരായും സംഘത്തിൽ ജോലി ചെയ്യുന്നു. തൊടുപുഴ റബ്ബർബോർഡ് റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ മേരിക്കുട്ടി ബേബി, അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ഷൈലമ്മ ജോസഫ് എന്നിവരുടെ സേവനങ്ങൾ പ്രസിഡന്റ് എടുത്തുപറഞ്ഞു. സംസ്ക്കരണശാലയിലേക്കാവശ്യമായ തൊഴിലാളികളുടെ ലഭ്യതക്കുറവാണ് ഇന്ന് സംഘം നേരിടുന്ന ഒരു പ്രധാന പ്രശ്നം. ഇതിനൊരു പരിഹാരം കാണാനുള്ള ശ്രമത്തിലാണ് ഡയറക്ടർ ബോർഡ് അംഗങ്ങൾ. സംഘാംഗങ്ങളുടെ വിശാലമായ കാഴ്ചപ്പാടും അർപണമനോഭാവവും കൂട്ടായ പ്രവർത്തനവും ആണ് ഈ സംഘത്തെ മുൻനിരയിലെത്തിച്ചത്.

ഇന്ന് സർക്കാർ നടപ്പാക്കുന്ന വികസനപദ്ധതികളിലൂടെയുള്ള സഹായങ്ങൾ പലതും ഗ്രൂപ്പുകൾ വഴിയാണ് ലഭ്യമാകുന്നത്. യോജിച്ച പദ്ധതികൾ അന്വേഷിച്ച് കണ്ടെത്തി കൃത്യസമയത്ത് ധനസഹായത്തിനായി അപേക്ഷിക്കുന്നതിലും അങ്ങനെ ലഭിക്കുന്ന തുക അംഗങ്ങൾ എല്ലാവർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതിലും സംഘം ഭാരവാഹികൾ കാണിക്കുന്ന താൽപര്യം എടുത്തു പറയേണ്ടതാണ്. അടുത്ത വർഷം തങ്ങളുടെ റബ്ബർതോട്ടങ്ങളിൽ ഡ്രോണുപയോഗിച്ച് മരുന്നുതളിക്കാനുള്ള തയ്യാറെടുപ്പിലാണ് സംഘം ഭാരവാഹികൾ. പുതിയ സാങ്കേതികവിദ്യകളും നൂതനകൃഷിരീതികളും സ്വന്തം തോട്ടങ്ങളിൽ നടപ്പാക്കാനുള്ള നിശ്ചയദാർഢ്യമാണ് കരിമണ്ണൂർ മോഡൽ ആർ.പി.എസ്.-ന്റെ വിജയരഹസ്യം. •

# റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷം - മത്സരങ്ങൾ




റബ്ബർമാസികയുടെ പ്രസാധനത്തിന്റെ 60 വർഷങ്ങൾ പൂർത്തിയാകുന്ന വേളയിൽ ഹൈസ്കൂൾ/ഹയർ സെക്കൻഡറി, കോളജ് വിദ്യാർഥികൾ; പൊതുജനങ്ങൾ, റബ്ബർബോർഡുദ്യോഗസ്ഥർ എന്നിവർക്കായി വിവിധ മത്സരങ്ങൾ നടത്തുന്നു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

## I. ഉപന്യാസ മത്സരം

താഴെ കൊടുത്തിരിക്കുന്ന നാല് വിഭാഗങ്ങളിൽപെട്ടവർക്ക് ഉപന്യാസമത്സരത്തിൽ പങ്കെടുക്കാം. ഓരോ വിഭാഗത്തിലും ഏറ്റവും മികച്ച മൂന്നു രചനകൾക്ക് വീതം പുരസ്കാരങ്ങൾ നൽകും.

| നമ്പർ | വിഭാഗം | വിഷയം |
|---|---|---|
| 1 | ഹൈസ്കൂൾ /ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ | റബ്ബർ നിത്യജീവിതത്തിൽ |
| 2 | കോളജ് വിദ്യാർത്ഥികൾ | ഇന്ത്യൻ വ്യവസായമേഖലയിൽ റബ്ബറിന്റെ സ്വാധീനം |
| 3 | പൊതുജനങ്ങൾ | കേരളത്തിൽ റബർകൃഷിയുടെ വ്യാപനം കൊണ്ട് ഉണ്ടായ മാറ്റങ്ങൾ |
| 4 | റബ്ബർബോർഡ് ഉദ്യോഗസ്ഥർ (വിരമിച്ചവർ ഉൾപെടെ) | റബ്ബർകൃഷി വ്യാപനം - ഒരു ഓർമക്കുറിപ്പ് |

**നിബന്ധനകൾ**

1. രചനകൾ 800 വാക്കുകളിൽ കവിയരുത്
2. മലയാളത്തിൽ വ്യക്തമായിഎഴുതിയോ ടൈപ്പ് ചെയ്തോ (pdf ഫോർമാറ്റിൽ) രചനകൾ അയയ്ക്കാവുന്നതാണ്
3. രചനകൾ തപാൽ മുഖേനയോ ഇ-മെയിൽ ആയോ അയയ്ക്കാം.
4. വിദ്യാർത്ഥികളുടെ രചനകൾ സ്കൂളിലേയൊ കോളജിലേയൊ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിരിക്കണം.
5. ഏതു വിഭാഗത്തിലാണ് മത്സരിക്കുന്നത് എന്ന് രചനകളുടെ മുകളിൽ വ്യക്തമായി എഴുതിയിരിക്കണം.

## II. ഫോട്ടോഗ്രഫി മത്സരം

**വിഷയം : റബ്ബർകൃഷി /റബ്ബർ ടാപ്പിങ് / റബ്ബർപാൽ സംസ്കരണം/റബ്ബറിലെ ഇടവിളക്കൃഷി / റബ്ബറുത്പന്നനിർമാണം/ റബ്ബർവിപണനം**

മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും വിഷയങ്ങളെ അധികരിച്ച് ആർക്കുവേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാം. ഏറ്റവും മികച്ച മൂന്ന് ചിത്രങ്ങൾക്ക് സമ്മാനങ്ങൾ നൽകും.

**നിബന്ധനകൾ**

1. ചിത്രങ്ങളുടെ വലുപ്പം 4 MB മുതൽ 7 MB വരെ ആയിരിക്കണം.
2. ചിത്രങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഇ-മെയിൽ ആയി അയച്ചാൽ മതി. പ്രിന്റ് ചെയ്ത കോപ്പികൾ സ്വീകാര്യമല്ല.
3. ചിത്രങ്ങൾ സ്വയം എടുത്തതാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം. (Certified that the pictures sent to the Rubber Board for the competition are captured by me and I have not copied any of the pictures from anywhere.)
4. Landscape രൂപത്തിലോ portrait രൂപത്തിലോ ഉള്ള ചിത്രങ്ങൾ അയയ്ക്കാവുന്നതാണ്.
5. ഒരാൾക്ക് മൂന്ന് ചിത്രങ്ങൾ അയക്കാം.
6. ഓരോ ചിത്രത്തിനും ഉചിതമായ ഒരു അടിക്കുറിപ്പ് നൽകിയിരിക്കണം.
7. മൊബൈൽ ഉപയോഗിച്ചോ DSLR ക്യാമറ ഉപയോഗിച്ചോ എടുത്ത ചിത്രങ്ങൾ JPG ഫോർമാറ്റിൽ വേണം മത്സരത്തിനായി അയയ്ക്കാൻ
8. എഡിറ്റ് ചെയ്ത ഫോട്ടോകൾ മത്സരത്തിന് അനുവദിക്കുന്നതല്ല.

## III. കാർട്ടൂൺ രചനാമത്സരം (മലയാളം)

**വിഷയം: റബ്ബർ നിത്യജീവിതത്തിൽ**

മുകളിൽ കൊടുത്തിരിക്കുന്ന വിഷയത്തെ അധികരിച്ച് ആർക്കുവേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാം. ഏറ്റവും മികച്ച മൂന്ന് കാർട്ടൂണുകൾക്ക് സമ്മാനങ്ങൾ നൽകും.

**നിബന്ധനകൾ**

1. കാർട്ടൂണുകൾ A4 സൈസ് പേപ്പറിൽ വരച്ചോ കമ്പ്യൂട്ടർ സഹായത്തോടെ രൂപകൽപന ചെയ്തോ അയയ്ക്കാം.
3. കാർട്ടൂണുകൾ തപാൽ മുഖേനയോ സ്കാൻ ചെയ്ത് ഇ-മെയിൽ ആയോ അയയ്ക്കാം.

## IV. ലോഗോ രൂപകൽപന

**വിഷയം: റബ്ബർ മാസികയ്ക്ക് 60 വയസ്സ്**

മുകളിൽ കൊടുത്തിരിക്കുന്ന വിഷയത്തെ അധികരിച്ച് ആർക്കുവേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാം. ഏറ്റവും മികച്ച ഒരു ലോഗോയ്ക്ക് മാത്രമേ സമ്മാനം നൽകുകയുള്ളൂ. ലോഗോ A4 സൈസ് പേപ്പറിൽ വരച്ചോ കമ്പ്യൂട്ടർ ഉപയോഗിച്ച് രൂപകൽപന ചെയ്തോ അയയ്ക്കാം.

**പൊതു വിവരങ്ങൾ**

1. രചനകൾ, ഫോട്ടോകൾ, കാർട്ടൂണുകൾ, ലോഗോ എന്നിവ **2025 സെപ്റ്റംബർ മാസം നാലാം തീയതിക്കകം** താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.
2. അയയ്ക്കുന്ന ആളെ തിരിച്ചറിയാവുന്ന ഒരു വിവരവും സൃഷ്ടികളിൽ ഉണ്ടായിരിക്കരുത്. അയയ്ക്കുന്ന ആളുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ വ്യക്തമായി മറ്റൊരു കടലാസിൽ എഴുതി സൃഷ്ടികളുടെ കൂടെ പിൻ ചെയ്ത് വെയ്ക്കുകയോ ഇ-മെയിലിൽ ഉൾപെടുത്തുകയോ ചെയ്യണം.
3. ലഭിക്കുന്ന രചനകൾ, ഫോട്ടോകൾ, കാർട്ടൂണുകൾ, ലോഗോ എന്നിവ റബ്ബർബോർഡിന്റെ പ്രസിദ്ധീകരണങ്ങളിലും സോഷ്യൽ മീഡിയയിലും ഉപയോഗിക്കുന്നതിന് ബോർഡിന് അധികാരം ഉണ്ടായിരിക്കും.
4. അച്ചടി മാധ്യമങ്ങളിലോ ഡിജിറ്റൽ മീഡിയയിലോ ഇതുവരെ പ്രസിദ്ധീകരിക്കാത്ത സൃഷ്ടികൾ വേണം മത്സരത്തിന് അയയ്ക്കാൻ.
5. ഫലപ്രഖ്യാപനം സംബന്ധിച്ച് റബ്ബർബോർഡ് നിയോഗിക്കുന്ന മൂല്യനിർണയ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
6. മത്സരങ്ങളുടെ ഫലങ്ങൾ പ്രഖ്യാപിക്കുന്ന മുറയ്ക്ക് സമ്മാനാർഹരായവരെ നേരിട്ട് അറിയിക്കുന്നതും റബ്ബർമാസികയിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. പുരസ്കാരങ്ങൾ പിന്നീട് റബ്ബർബോർഡ് സംഘടിപ്പിക്കുന്ന ഒരു ചടങ്ങിൽ വച്ച് വിതരണം ചെയ്യുന്നതും ആയിരിക്കും.

**സമ്മാനത്തുക (എല്ലാ മത്സരങ്ങൾക്കും)**

ഒന്നാം സമ്മാനം – 3000 രൂപ
രണ്ടാം സമ്മാനം – 2000 രൂപ
മൂന്നാം സമ്മാനം – 1000 രൂപ

**സൃഷ്ടികൾ തപാലിൽ അയയ്ക്കേണ്ട വിലാസം:**

**ഡെപ്യൂട്ടി ഡയറക്ടർ (പി ആന്റ് പി ആർ), പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് ഡിവിഷൻ, റബ്ബർബോർഡ്, കീഴുക്കുന്ന്, സബ് ജയിൽ റോഡ്, കോട്ടയം – 2**
**ഇ-മെയിൽ വിലാസം – rubbermasika@gmail.com**

കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഫോൺ നമ്പർ – 0481 2576622




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബർപുകപ്പുര നിർമാണവും നിലവിലുള്ളവയുടെ ന്യൂനതാപരിഹാരവും' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ജോയിന്റ് ഡയറക്ടർ (എഞ്ചിനീയറിങ്) റ്റോംസൺ ഫ്രാൻസിസ്, 'റബ്ബർതൈ നടീൽ' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ, 'മണ്ണു-ജല സംരക്ഷണ മാർഗ്ഗങ്ങൾ' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ഡോ. രാജീവ് എം. തോമസ് എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## റബ്ബർപുകപ്പുര നിർമാണവും നിലവിലുള്ളവയുടെ ന്യൂനതാപരിഹാരവും

1. ***റബ്ബർഷീറ്റുകൾ പുകപ്പുരയിൽ ഉണക്കേണ്ടതിന്റെ ആവശ്യകത എന്താണ്?***

   റബ്ബർഷീറ്റ് പുകച്ചുണങ്ങിയെങ്കിൽ മാത്രമേ റിബ്ഡ് സമോക്ക്ഡ് ഷീറ്റ് (Ribbed Smoked Sheet - R.S.S.) ആയി ഗ്രേഡ് ചെയ്യാനാവുകയുള്ളൂ. പുകയിൽ അടങ്ങിയിരിക്കുന്ന ക്രയോസോട്ടിക് പദാർത്ഥങ്ങൾ ഷീറ്റിൽ പൂപ്പൽ പിടിക്കുന്നതിനെ തടയുന്നതിനാൽ പുകച്ചുണങ്ങിയ ഷീറ്റുകൾ കൂടുതൽകാലം സൂക്ഷിച്ചുവെയ്ക്കാനാകും.

2. ***പുകപ്പുരയുടെ വലുപ്പം നിർണയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ?***

   ദിവസവും ലഭിക്കുന്ന ഷീറ്റുകളുടെ എണ്ണത്തിന്റെ അഞ്ചിരട്ടി ഷീറ്റുകൾ ഉൾക്കൊള്ളത്തക്ക വലുപ്പമുള്ള പുകപ്പുരകളാണ് നിർമിക്കേണ്ടത്. ഉദാഹരണത്തിന് പ്രതിദിനം 40 ഷീറ്റുകളാണ് കിട്ടുന്നതെങ്കിൽ പുകപ്പുര 200 ഷീറ്റുകൾ ഇടാൻ തക്ക വലുപ്പമുള്ളതായിരിക്കണം.

3. ***ഇഷ്ടികയോ വെട്ടുകല്ലോ കൊണ്ട് നിർമിച്ച പുകപ്പുരയുടെ ഭിത്തി സിമന്റുപയോഗിച്ച് തേയ്ക്കേണ്ട ആവശ്യമുണ്ടോ?***

   പുകപ്പുരയുടെ പുറംഭിത്തി തേയ്ച്ചില്ലെങ്കിലും ഉൾഭിത്തി നിർബന്ധമായും സിമന്റ് ഉപയോഗിച്ച് തേയ്ക്കണം. കൂടാതെ തറ കോൺക്രീറ്റ് ഇട്ട് പ്ലാസ്റ്റർ ചെയ്ത് മിനുസപ്പെടുത്തി ഒരു വശത്തേക്ക് അല്ലെങ്കിൽ ഒരു കോണിലേക്ക് ചെരിവോടെ നിർമിക്കണം. വെള്ളം പുറത്തേക്ക് ഒഴുകിപോകുന്നതിന് ഭിത്തിയിൽ ദ്വാരവും ഉണ്ടായിരിക്കണം.

4. ***പുകപ്പുരയുടെ മേൽക്കൂര നിർമിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

   സാമ്പത്തികനില അനുസരിച്ച് കോൺക്രീറ്റോ ഓടോ ഷീറ്റോ ഉപയോഗിച്ച് മേൽക്കൂര നിർമിക്കാം. മേൽക്കൂരയിൽ നിന്ന് ഏകദേശം 30 സെന്റീമീറ്റർ

# GOLDEN TOUCH®

## FORMIC ACID

**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** – **ALUMINIUM DISH**
**GOLDEN TOUCH®** – **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

Since 1991

*Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com




ടോംസൺ ഫ്രാൻസിസ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

താഴെയായി ഒരു 'ഫോൾസ് സീലിങ്' നൽകണം. പുറത്തെ തണുത്ത കാലാവസ്ഥയിൽ ഉള്ളിലെ നീരാവി ഘനീഭവിക്കുന്നത് തടയാനാണിത്. പുകമുറിയിൽ നിന്ന് ഈർപമുള്ള വായു പുറന്തള്ളാൻ 'ഫോൾസ് സീലിങ്ങി'ന് തൊട്ടുതാഴെ ഭിത്തിയിൽ ശരിയായ 'വെന്റിലേഷൻ' നൽകണം. പുകമുറിയുടെ വലുപ്പത്തിനനുസരിച്ചാണ് വെന്റിലേഷനുള്ള ദ്വാരത്തിന്റെ വലുപ്പം നിർണയിക്കേണ്ടത്. ഒരു ക്യൂബിക് മീറ്റർ അളവ് പുകയറയ്ക്ക് 100 ചതുരശ്ര സെ.മീ. എന്ന കണക്കിൽ 'വെന്റിലേഷൻ' സൗകര്യം ഉണ്ടായിരിക്കണം

5. ***പുകപ്പുരയിൽ ഇടുന്ന ഷീറ്റുകളിൽ വിയർപ്പുണ്ടാകുന്നത് എന്തുകൊണ്ടാണ്?***

പുകയ്ക്കുമ്പോൾ പുകപ്പുരയ്ക്ക് അകത്തുണ്ടാകുന്ന നീരാവി നിറഞ്ഞ പുക പുറത്തേക്ക് കളയുന്നതിന് വെന്റിലേഷൻ ഇല്ലാത്തതുകൊണ്ടാണ് ഷീറ്റുകളിൽ വിയർപ്പുണ്ടാകുന്നത്. ആയതിനാൽ മേൽക്കൂരയിൽ നിന്ന് ഏകദേശം 30 സെന്റീമീറ്റർ താഴെയായി ഒരു ഫോൾസ് സീലിങ്ങ് കൊടുക്കുകയും അതിന് അടിയിലായി പുകയറയുടെ ഭിത്തിയിൽ നിന്നും വെന്റിലേഷൻ കൊടുക്കുകയും വേണം.

6. ***പുകപ്പുരകൾ ശാസ്ത്രീയമായി നിർമിക്കുന്നതിന് സാങ്കേതികോപദേശം എവിടെനിന്ന് ലഭിക്കും?***

പുകപ്പുരയുടെ പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പുകപ്പുരകളുടെ ന്യൂനതകൾ പരിഹരിക്കുന്നതിനും റബ്ബർബോർഡിന്റെ എഞ്ചിനീയറിങ് ആന്റ് പ്രോസസ്സിങ് ഡിവിഷനിൽ ബന്ധപ്പെടാവുന്നതാണ് (ഫോൺ നമ്പർ–0481–2353311).

## റബ്ബർതൈ നടീൽ

1. ***റബ്ബർതൈകൾ നടാൻ പറ്റിയ സമയം ഏതാണ്?***

യോജിച്ച കാലാവസ്ഥയുള്ളപ്പോൾ വേണം റബ്ബർതൈകൾ നടാൻ. റബ്ബർതൈകൾ നടുന്ന സമയത്ത് മണ്ണിൽ നല്ല ഈർപം ഉണ്ടായിരിക്കണം. തുടർച്ചയായി കനത്ത മഴ പെയ്തുകൊണ്ടിരിക്കുമ്പോൾ വെള്ളം കെട്ടിനിന്ന് തൈകൾ ചീഞ്ഞുപോകാൻ സാധ്യതയുള്ളതിനാൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കണം. കാലവർഷം ആരംഭിക്കുമ്പോൾതന്നെ തൈകൾ നടുകയാണെങ്കിൽ മഴക്കാലത്ത് നന്നായി വേരു പിടിച്ച് വളരുകയും വേനൽകാലത്തെ ചൂടിനെ അതിജീവിക്കുന്നതിനുള്ള കരുത്ത് നേടുകയും ചെയ്യും.

2. ***നടീൽവസ്തുക്കൾ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?***

നല്ല ആരോഗ്യമുള്ളതും ഇലരോഗങ്ങളില്ലാത്തതും ഒരേ പ്രായത്തിലും വലുപ്പത്തിലുമുള്ള തൈകൾ വേണം നടീലിനായി തെരഞ്ഞെടുക്കാൻ. ഒട്ടുകണ്ണിൽ നിന്നുതന്നെയാണ് കിളിർപുണ്ടായിരിക്കുന്നത് എന്നത് ഉറപ്പുവരുത്തണം. തൈകൾ നടുന്ന സമയം മുകൾ തട്ടിലെ ഇലകൾ മൂപ്പെത്തിയിരിക്കണം. ഇല്ലെങ്കിൽ, കൂടയിൽനിന്നോ കപ്പിൽനിന്നോ തോട്ടത്തിലേക്ക് മാറ്റിനടുന്ന സമയത്ത് ഉണ്ടാകുന്ന ആഘാതം നിമിത്തം തൈകളുടെ തളിരിലകൾ വാടിപ്പോകാൻ സാധ്യതയുണ്ട്. ഗ്രീൻബഡ്ഡുചെയ്ത ആരോഗ്യമുള്ള കൂടതൈകളിലും കപ്പുതൈകളിലും ആദ്യത്തെ തട്ടിൽ കുറഞ്ഞത് ആറും രണ്ടാമത്തെ തട്ടിൽ ഏഴും ഇലത്തണ്ടുകൾ (ഒരു ഇലത്തണ്ടിൽ മൂന്ന് ഇലകൾ) ഉണ്ടാകും. ബ്രൗൺബഡ്ഡ് ചെയ്ത കൂടതൈകളിൽ ആദ്യത്തെ തട്ടിൽ കുറഞ്ഞത് ഏഴും രണ്ടാമത്തെ തട്ടിൽ എട്ടും ഇലത്തണ്ടുകൾ ഉണ്ടാകും.

3. ***റബ്ബർതൈകൾ നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?***

മണ്ണിൽ നല്ല ഈർപമുള്ളപ്പോൾ വേണം തൈകൾ നടാൻ. റബ്ബർതൈകൾ നടുമ്പോൾ ഒരുനിരയിലെ എല്ലാതൈകളും ഒരുവരിയിലാണെന്ന് ഉറപ്പുവരുത്തണം. നടാനായി ഉപയോഗിക്കുന്ന കൂടതൈകളുടെ മുകളിലത്തെ തട്ട് ഇലകൾ നന്നായി മൂപ്പെത്തിയിരിക്കണം. ഒട്ടുകണ്ണിൽ സൂര്യപ്രകാശം നേരിട്ടടിക്കുന്നതു തടയാൻ തൈകളുടെ ഒട്ടുകണ്ണ് വടക്കുകിഴക്ക് ദിശയിലായിരിക്കുന്ന വിധത്തിൽ നടുന്നതാണ് നല്ലത്. ബഡ്ഡു ചെയ്ത നടീൽവസ്തുക്കൾ കൃഷിയിടങ്ങളിൽ നടുമ്പോൾ ഒട്ടുകണ്ണ് തറനിരപ്പിനു തൊട്ടുമുകളിലായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

4. ***കപ്പുതൈകൾ നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

കപ്പുതൈകൾ കുഴിയിലേക്ക് മാറ്റുന്നതിന് മുമ്പായി കപ്പിൽനിന്നും വേർപെടുത്തണം. കപ്പ് തലകീഴായി പിടിച്ച് കപ്പിന്റെ വരിപ്പ് ഒരു ഉയർന്ന പ്രതലത്തിൽ മൃദുവായി തട്ടിയാൽ തൈയുടെ വേരുപടലം കപ്പിൽ നിന്ന് വേർപെടുത്താം. മൂടിയിട്ടിരിക്കുന്ന കുഴിയുടെ നടുവിൽ ഒരു ഒഴിഞ്ഞ കപ്പ് വെച്ച് അമർത്തി ഒരു കുഴി രൂപപ്പെടുത്തുക. അതിനുശേഷം കപ്പിൽനിന്ന്

# നീറ്റേണ്ട... കൂട്ടേണ്ട...
# ഇളക്കി നേരിട്ട് പുരട്ടുക

റെഡി ടു യൂസ് കൊണ്ടോടീസ്™

## ബോർഡോ പെയിന്റ്



**4 Kg** 4 Kg -1 Box 2 Nos.

**1 Kg** 1 Kg -1 Box 10 Nos.

**500gm** 500 gm - 1 Box 20 Nos.

**250gm** 250 gm - 1 Box 40 Nos.

ചീക്കുരോഗത്തിന്
നേരിട്ട് പെയിന്റ് ചെയ്യുക.

**ഇന്ത്യാഗവൺമെന്റിന്റെ പേറ്റന്റ് ലഭിച്ച ഏക ബോർഡോ മിശ്രിതം**

**50 ലിറ്റർ വെള്ളത്തിൽ 1 ലിറ്റർ കൊണ്ടോടീസ് റെഡി ടു യൂസ് ബോർഡോ പെയിന്റ് ലയിപ്പിച്ചാൽ ബോർഡോ മിശ്രിതമായി ഇലകളിൽ തളിക്കുകയും ചെയ്യാം...**

**റബ്ബർ മരങ്ങൾക്കുണ്ടാകുന്ന ചീക്ക് രോഗം, കറ പൊട്ടിയോഴുകുക തുടങ്ങിയവയ്ക്ക് കൊണ്ടോഡിസ് റെഡി ടു യൂസ് ബോർഡൊ പെയിന്റ് ഉത്തമ പ്രതിവിധി ആണ്.**





കാലവർഷത്തിനുശേഷം ഇലപൊഴിച്ചിൽ, ദ്രുതവാട്ടം, കമ്പൊണക്ക്, കായ് പഴുത്തു പൊഴിയൽ, മഞ്ഞളിപ്പ് തുടങ്ങിയ കുമിൾ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്നു. ഇവയ്ക്ക് നീം ഓയിലും പശയും കലർന്ന ഈ ബോർഡോ മിശ്രിതം കുമിൾ രോഗങ്ങളെ പ്രതിരോധിക്കുകയും രോഗം ബാധിച്ചത് സുഖപ്പെടുത്തുകയും ചെയ്യുന്നു.

Copper Oxychloride
**Phytrox**
100gm, 500gm, 25 kg

**Also Available**
**ബോർഡോ ലൈം**
1 Kg പൗഡർ

**We manufacture high quality**
COPPER SULPHATE PENTA
തുരിശ് 98%
**COPPER SULPHATE**
IS: 2023 CM/L6297584
I KG., 25 KG., 50 KG.
**Crystal & Powder**



**KONDODYS**®
for the best bordeaux spray

മാനുഫാക്ചറേഴ്സ് **SANSON CHEMICAL INDUSTRIES**

ഓഫീസ്: കളക്ട്രേറ്റിന് എതിർവശം, ലൂർദ്ദ് പള്ളിക്ക് സമീപം, കോട്ടയം – 686 002.
ഫോൺ: 0481 – 2564708 E-mail: sanson41@gmail.com, www.kondodys.com
Helpline: Xavier Thomas Kondody (Managing Partner) 9847046229 Vivin X Kondody: 9880033644

**Coc 50% WDP also available** | **Dealers wanted in all places**




കെ. ചന്ദ്രലേഖ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു




ഡോ. രാജീവ് എം. തോമസ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

വേർപെടുത്തിയ വേരുപടലം ഈ കുഴിയിലേക്ക് ഇറക്കിവെച്ച് വേരുപടലത്തിന് ചുറ്റുമുള്ള മണ്ണ് നന്നായി ചേർത്ത് ഉറപ്പിക്കണം. തൂമ്പ ഉപയോഗിച്ച് ചെറിയൊരു കുഴിയെടുത്തും കപ്പുതൈ നടാവുന്നതാണ്.

5. ***തൈകൾ നടുന്ന സമയത്ത് ഏതൊക്കെ വളങ്ങളാണ് ചേർക്കേണ്ടത്?***

തൈകൾ നടുന്നതിനായി കുഴിയെടുത്ത് മൂടുന്ന സമയത്ത് ഏറ്റവും മുകളിലെ 20 സെ.മീ. ഭാഗത്ത് കുഴിയൊന്നിന് 12 കിലോഗ്രാം ഉണങ്ങിപ്പൊടിഞ്ഞ ചാണകമോ കമ്പോസ്റ്റോ ചേർത്തുകൊടുക്കണം. നല്ല മണ്ണാഴമുള്ള സ്ഥലങ്ങളിൽ ചെറിയകുഴികൾ മാത്രമെടുത്താണ് നടീലെങ്കിൽ തൈകൾ നട്ടശേഷം തൈയുടെ ചുവട്ടിൽനിന്നും 15 സെ.മീ. വിട്ട് ചുറ്റിലുമായി ചാണകപ്പൊടി ചേർത്ത് മണ്ണുമായി ഇളക്കിച്ചേർത്താൽ മതി. തൈകൾ നടുന്നസമയത്ത് 200 ഗ്രാം റോക്ക് ഫോസ്ഫേറ്റ് ചേർത്ത് തൈയ്ക്ക് ചുറ്റിലുമുള്ള മേൽ മണ്ണുമായി ഇളക്കിച്ചേർക്കണം.

## മണ്ണ്-ജല സംരക്ഷണ മാർഗ്ഗങ്ങൾ

1. ***റബ്ബർതോട്ടങ്ങളിൽ നീർകുഴികളുടെ പ്രയോജനമെന്താണ്? ഏതളവിലുള്ള നീർകുഴികളാണ് എടുക്കേണ്ടത്?***

ചെരിവുള്ള സ്ഥലങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനും മഴവെള്ളം സംഭരിക്കുന്നതിനും നീർകുഴികൾ സഹായിക്കും. 120 സെ.മി നീളവും 45 സെ.മീ. വീതിയും 75 സെ.മീ. ആഴവുമുള്ള കുഴികളാണ് നിർമിക്കേണ്ടത്. ഈ അളവിൽ നിർമിക്കുന്ന ഒരു കുഴിയിൽ 400 ലിറ്ററോളം വെള്ളം സംഭരിച്ചു നിർത്തുന്നതിന് സാധിക്കുന്നു. രണ്ടു നിരകൾക്കിടയിൽ നാലുമരങ്ങളുടെ നടുവിൽ, ഒന്നിടവിട്ട് ഒരു കുഴി എന്ന രീതിയിൽ കുഴികൾ എടുക്കാവുന്നതാണ്. നീർകുഴികളിൽ അടിയുന്ന മണ്ണ് ഇടയ്ക്ക് കോരി കുഴിയുടെ പുറത്ത് താഴ്ന്ന വശത്ത് നിക്ഷേപിക്കണം. മണ്ണിടിച്ചിലിന് കാരണമാകുന്നതിനാൽ 20 ശതമാനത്തിൽ കൂടുതൽ ചെരിവുള്ള സ്ഥലങ്ങളിലും മണ്ണാഴം കുറഞ്ഞ സ്ഥലങ്ങളിലും നീർകുഴികൾ നിർമിക്കുന്നത് ഒഴിവാക്കണം.

2. ***റബ്ബർതോട്ടത്തിൽ തോട്ടപ്പയർ വളർത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്?***

റബ്ബർതോട്ടത്തിൽ നിരകൾക്കിടയിൽ തോട്ടപ്പയർ വളർത്തുന്നത് മണ്ണും ജലവും സംരക്ഷിക്കുന്നതിനുള്ള ചെലവുകുറഞ്ഞ ഒരു മാർഗമാണ്. ആവരണവിളകൾ തോട്ടത്തിൽ മണ്ണിന് പുതയായി വളരുന്നതിനാൽ മഴവെള്ളവും സൂര്യപ്രകാശവും നേരിട്ട് മണ്ണിൽ പതിക്കുന്നത് തടയുകയും മഴവെള്ളം ഒഴുകിപ്പോകുന്നതിന്റെ വേഗം കുറയ്ക്കുകയും ചെയ്യും. തോട്ടപ്പയറിന്റെ ഇലകൾ കൊഴിഞ്ഞുണ്ടാകുന്ന ജൈവാംശം മണ്ണിന്റെ ഘടന മെച്ചപ്പെടുത്താനും ജലാഗിരണശേഷി വർദ്ധിപ്പിക്കാനും ഉപകരിക്കുന്നു. 20 ശതമാനത്തിൽ കൂടുതൽ ചെരിവുള്ള സ്ഥലങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് സ്വീകരിക്കാവുന്ന ഫലപ്രദമായ മാർഗമാണ് തോട്ടപ്പയർ വളർത്തൽ.

3. ***ചെരിവുകൂടിയ പ്രദേശങ്ങളിൽ ഇടവിളകൾ കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

ചെരിവുള്ള സ്ഥലങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുമ്പോൾ ചെരിവിനു കുറുകെ, കോണ്ടൂർ നിരകൾക്ക് സമാന്തരമായി വേണം ഇടവിളകളുടെ തൈകൾ നടാൻ. കൂടുതൽ ചെരിവുള്ള തോട്ടങ്ങളിൽ ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗങ്ങൾ തുടങ്ങി മണ്ണിളക്കം കൂടു

# Guard Against the Monsoon! Secure Your Latex Tapping Channels with

# ANNA RAINPROOF

(Rain Guarding Compound)

**WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON**





## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF MEMBER OF MULTILATERAL RECOGNITION ARRANGEMENT

ISO 9001:2015 VEXIL BPS MS Q9133755

NABCB QM022

Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**

ai ANNA INDUSTRIES TM SINCE 1991

**Anna Industries**

**(An ISO 9001:2015 Certified Company)**

Kolenchery, Cochin, Kerala, Pin: 682 311

**Phone:**
**93 88 60 1632**
**94 95 00 3366**
**0484 2764590**
**0484 2760216**

E-mail: sales@annabusiness.com
annaindustries@ymail.com
annatradersklcy@gmail.com
**www.annabusiness.com**
**Toll Free : 1800 1230 366**

തൽ വേണ്ടിവരുന്ന വിളകളുടെ കൃഷി പൂർണമായും ഒഴിവാക്കേണ്ടതാണ്. ഇവയുടെ നടീലിനും വിളവെടുപ്പിനും മറ്റും ധാരാളമായി മണ്ണിളക്കേണ്ടി വരുന്നതിനാൽ ഇത്തരം വിളകൾ കൃഷിചെയ്യുന്നത് മണ്ണൊലിപ്പിനുള്ള സാധ്യത കൂട്ടും. കൈത ഇടവിളയായി കൃഷിചെയ്യുമ്പോൾ നിലം മുഴുവൻ ഉഴുതു മറിക്കേണ്ടതില്ല. നടാനുദ്ദേശിക്കുന്ന സ്ഥലത്തു മാത്രം മണ്ണിളക്കിയാൽ മതി. ഇടവിള കൃഷിചെയ്യുന്ന തോട്ടങ്ങളിൽ ഇടവിളയ്ക്കൊപ്പമോ അവയുടെ വിളവെടുപ്പിനുശേഷമോ തോട്ടപ്പയർ വെച്ചുപിടിപ്പിക്കുന്നത് നന്നായിരിക്കും.

***4. നിരപ്പുതട്ടുകൾ നിർമിക്കുമ്പോൾ എത്ര ചെരിവ് കൊടുക്കണം?***

നിരപ്പുതട്ടുകൾ അഥവാ പ്ലാറ്റ്ഫോമുകൾക്ക് ഏകദേശം ഒന്നു മുതൽ ഒന്നര വരെ മീറ്റർ വീതിയും ഉള്ളിലേക്ക് 20 മുതൽ 30 വരെ സെ.മീ. ചെരിവുമുണ്ടായിരിക്കണം. തട്ടിന്റെ മുൻഭാഗം ഇടിഞ്ഞുപോകാതിരിക്കാൻ നന്നായി മണ്ണിട്ടുറപ്പിക്കുകയും വേണം.

*തയ്യാറാക്കിയത്:*

**സ്ലീബ വി. പോൾ**
ഫാം ഓഫീസർ

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



**ഇടവേളകൂടിയ ടാപ്പിങ്**

റബ്ബർമരങ്ങളിലെ ഇടവേളകൂടിയ ടാപ്പിങ്‌രീതിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2025 ആഗസ്റ്റ് 14 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എം.ജെ. റെജു മറുപടി പറയും.

**റബ്ബർപാൽ സംഭരണവും ഗുണമേന്മയുള്ള ഷീറ്റുറബ്ബർ നിർമാണവും**

റബ്ബർപാൽ സംഭരണം, ഗുണമേന്മയുള്ള ഷീറ്റുറബ്ബർ നിർമാണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2025 ആഗസ്റ്റ് 27 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ. ബിജു മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## പാലക്കാട് റീജിയണൽ ഓഫീസിന് പുതിയ മേൽവിലാസം

റബ്ബർബോർഡിന്റെ പാലക്കാട് റീജണൽ ഓഫീസ് 2025 ജൂലൈ ഒന്നു മുതൽ മറ്റൊരു കെട്ടിടത്തിലേക്ക് മാറി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഓഫീസിന്റെ പുതിയ മേൽവിലാസം ചുവടെ ചേർക്കുന്നു.

റബ്ബർബോർഡ് റീജിയണൽ ഓഫീസ്
20/367 ഭാരതപ്പുഴ റബ്ബേഴ്സ് ബിൽഡിങ്, എടയാർ സ്ട്രീറ്റ്,
കൽവാക്കുളം റോഡ്, പാലക്കാട് - 678 001
ഫോൺ - 0491- 2952802

## കൊതുകുകളെ നിയന്ത്രിക്കുക; പകർച്ചപ്പനി തടയുക

മഴക്കാലത്ത് മാരകരോഗങ്ങൾ പരത്തുന്ന കൊതുകുകൾ പെരുകുക സാധാരണമാണ്. മരപ്പൊത്തുകളിലും ചെറിയ അടപ്പുകളിലും പോലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുകുകൾ പെരുകാം. ശ്രദ്ധിച്ചില്ലെങ്കിൽ ചിരട്ടകളിലും റെയിൻഗാർഡുകളുടെ മടക്കുകളിലും പശയുടെ ടിന്നുകളിലും ഒക്കെ വെള്ളം കെട്ടിനിൽക്കാം. കൊതുകിന്റെ ഉപദ്രവം ഏറ്റവും കൂടുതൽ നേരിടേണ്ടിവരുന്നത് ടാപ്പിങ്‌തൊഴിലാളികളാണ്.



- കൊതുകുകൾ പരത്തുന്ന ചിക്കുൻഗുനിയയ്ക്കും ഡെങ്കിപ്പനിക്കുമെതിരെ ജാഗ്രത പുലർത്തുക.
- വീടും പരിസരവും വെള്ളം കെട്ടിക്കിടക്കാത്തവിധം വൃത്തിയായി സൂക്ഷിക്കുക.
- പറമ്പിൽ ഉപേക്ഷിച്ച ചിരട്ടകൾ, പ്ലാസ്റ്റിക്കുകൾ, പാത്രങ്ങൾ, ടിന്നുകൾ, ടയറുകൾ, ബാരലുകൾ തുടങ്ങിയവ നീക്കം ചെയ്യുക.
- ജലസംഭരണികൾ കൊതുകു കടക്കാത്തവിധം മൂടുക.
- റബ്ബർപാൽ എടുത്തശേഷം ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- ടാപ്പിങ് നിർത്തിവച്ച തോട്ടങ്ങളിലും ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- വെള്ളം കെട്ടിനിൽക്കാതെ റെയിൻഗാർഡ് ശരിയായി താഴ്ത്തിയിടുക.
- മഴവെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യങ്ങൾ റബ്ബർതോട്ടങ്ങളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുക.
- വീട്ടിലെ പൂപ്പാത്രങ്ങളിലും പൂപ്പാത്രങ്ങൾ വയ്ക്കുന്ന പാത്രങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

*പൊതുതാൽപര്യാർത്ഥം റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്നത്*

# സെപ്റ്റംബർ മാസത്തെ
# കൃഷിപ്പണികൾ

**മഴക്കാലമാകുന്നതോടെ തോട്ടങ്ങളിൽ കളകൾ കൂടുതലായി വളർന്നിട്ടുണ്ടാവും. അവ നീക്കം ചെയ്യണം. കളകൾ ഉണങ്ങിയശേഷം വേനൽകാലത്ത് തൈകളുടെ ചുവട്ടിൽ പുതയിടാൻ ഉപയോഗിക്കാം.**



### നഴ്സറി

ഒട്ടുകമ്പിനുള്ള മാതൃസസ്യങ്ങൾ വളർത്തിയെടുക്കാൻ നഴ്സറിയിൽ തൈകൾ നടാവുന്നതാണ്. 90 സെ.മീ. × 60 സെ.മീ. അകലത്തിൽ വേണം അവ നടാൻ. കൂടത്തൈകളോ കപ്പുതൈകളോ ഒട്ടുതൈക്കുറ്റികളോ ഇതിനായി ഉപയോഗിക്കാം. വിവിധയിനം തൈകൾ വെവ്വേറെ തടങ്ങളിൽ നട്ട് തിരിച്ചറിയാനായി ബോർഡ് വയ്ക്കണം.

ഒട്ടുകമ്പുനഴ്സറിയിൽ തൈകൾ നട്ട് രണ്ടു മൂന്നു മാസമാകുമ്പോൾ ആദ്യ വളപ്രയോഗം നടത്താം. എൻ.പി.കെ.എം.ജി. 10–10–4–1.5 മിശ്രിതം തൈ ഒന്നിന് 125 ഗ്രാം എന്ന തോതിലാണ് ചേർക്കേണ്ടത്. തൈകൾ നട്ട് 8–9 മാസം കഴിയുമ്പോൾ ഇതേ അളവിൽ തന്നെ രണ്ടാമത്തെ വളപ്രയോഗം നടത്തണം. പഴയ ഒട്ടുകമ്പുനഴ്സറികളിൽ ഒട്ടുകമ്പ് മുറിച്ചെടുത്ത് രണ്ടുമൂന്നു മാസത്തിനുശേഷം മേൽ പറഞ്ഞ വളം തൈ ഒന്നിന് 125 ഗ്രാം വീതം ചേർക്കണം.

ഈ വർഷം കൃഷിചെയ്ത തൈകളടക്കം അപക്വകാലഘട്ടത്തിലുള്ള മരങ്ങൾക്ക് വളം ചേർക്കാം. മണ്ണിൽ ആവശ്യത്തിന് ഈർപമുള്ള സമയത്താണ് വളം ചേർക്കേണ്ടത്. നഴ്സറി തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം തെളിച്ച് 75 സെ.മീ. ആഴത്തിൽ കിളച്ച് മണ്ണിളക്കി 60 മുതൽ 120 വരെ സെ.മീ. വീതിയിലും സൗകര്യപ്രദമായ നീളത്തിലും തടങ്ങൾ ഉണ്ടാക്കണം. ചെരിവുള്ള സ്ഥലങ്ങളിൽ ചെരിവിനു കുറുകെ വേണം തടങ്ങളെടുക്കാൻ. തടങ്ങൾക്കിടയ്ക്ക് നടപ്പാതകൾ ക്രമീകരിക്കണം.

മുളപ്പിക്കാനുള്ള വിത്തുകൾ ഇതുവരെ തവാരണകളിൽ ഇട്ടിട്ടില്ലെങ്കിൽ ഇപ്പോൾ അതു ചെയ്യാം. മുളച്ച വിത്തുകൾ മുൻകൂർ തയ്യാറാക്കിയിട്ടുള്ള നഴ്സറിത്തടങ്ങളിലേക്ക് ഉടനെതന്നെ മാറ്റി നടണം.

### കൃഷിയിടത്തിൽ

കൃഷിയിടത്തിൽ ഇതുവരെ തൈകൾ നടാത്തവർക്ക് മണ്ണിൽ ഈർപമുള്ള പക്ഷം ഈ മാസത്തിലും കൂടത്തൈകളോ കപ്പുതൈകളോ നടാം.

### ശാഖകൾ മുറിക്കൽ

നിലനിരപ്പിൽ നിന്ന് ഏതാണ്ട് രണ്ടര മീറ്റർ വരെ ഉയരത്തിൽ വളരുന്ന എല്ലാ ശാഖകളും തണ്ടിനോടു ചേർത്തുവച്ച് മുറിച്ചു മാറ്റണം.

### കളയെടുപ്പ്

മഴക്കാലമാകുന്നതോടെ തോട്ടങ്ങളിൽ കളകൾ കൂടുതലായി വളർന്നിട്ടുണ്ടാവും. അവ നീക്കം ചെയ്യണം. കളകൾ ഉണങ്ങിയശേഷം വേനൽകാലത്ത് തൈകളുടെ ചുവട്ടിൽ പുതയിടാൻ ഉപയോഗിക്കാം.

കൃഷിയിടത്തിൽ നട്ടിട്ടുള്ള തോട്ടപ്പയറിന് വളം ചെയ്യാം. ഒരു ഹെക്ടറിന് 165 കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ് രണ്ടുതവണകളായി ഇട്ടുകൊടുക്കാം. പൊട്ടാഷ് കുറവുള്ള മണ്ണിൽ റോക്ക് ഫോസ്ഫേറ്റിനോടൊപ്പം 50 കി.ഗ്രാം പൊട്ടാഷ് കൂടി ചേർത്ത മിശ്രിതമാണ് നൽകേണ്ടത്. പയർ നട്ട തടങ്ങളിൽ വളം വിതറിക്കൊടുത്താൽ മതിയാകും.





**രോഗനിയന്ത്രണം**

**പിങ്കുരോഗം:** വർഷകാലത്താണ് മരങ്ങളെ പിങ്കുരോഗം (ചീക്ക്) ബാധിക്കുന്നതെങ്കിലും പ്രത്യക്ഷ രോഗലക്ഷണങ്ങൾ കാര്യമായി കാണുന്നതും മരങ്ങൾ ഉണങ്ങുന്നതും ജൂലൈ മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണ്. രോഗബാധ കണ്ടാലുടൻ ആ ഭാഗത്ത് ബോർഡോക്കുഴമ്പ് പുരട്ടണം. ഉണങ്ങിയ കമ്പുകളും ചില്ലകളും മുറിച്ചുമാറ്റി കത്തിച്ചു കളയുകയും വേണം.

**കൂമ്പുചീയൽ:** കൂമ്പുചീയൽ തടയാനായി തൈകൾക്ക് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കണം. മഴക്കാലത്ത് മഴയില്ലാത്ത ദിവസങ്ങളിലും തോർച്ചയുള്ളപ്പോഴും ഇതു ചെയ്യാം.

**പാച്ച്കാങ്കർ:** മഴക്കാലത്താണ് സാധാരണമായി മരങ്ങൾക്ക് ഈ രോഗം പിടിപെടുക. ടാപ്പിങ് പാനലിലോ തടിയുടെ മറ്റേതെങ്കിലും ഭാഗത്തോ രോഗബാധയുണ്ടാകാം. രോഗം ബാധിച്ച ഭാഗത്തുനിന്ന് റബ്ബർപാൽ ഒഴുകുകയും പട്ട പൊട്ടിക്കീറുകയും ചെയ്യും. രോഗ ബാധയേറ്റ ഭാഗത്തെ പട്ട നീക്കം ചെയ്താൽ അവിടെ ദുർഗന്ധം വമിക്കുന്ന റബ്ബർചണ്ടി കാണാം. കേടുവന്ന പട്ടയും റബ്ബർചണ്ടിയും ചുരണ്ടി നീക്കിയശേഷം ആ ഭാഗം കുമിൾനാശിനി ഉപയോഗിച്ച് കഴുകണം. മാങ്കോസെബ് (0.75 ശതമാനം) എന്ന കുമിൾനാശിനി 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയാണ് ഉപയോഗിക്കേണ്ടത്. കുമിൾനാശിനി ഉണങ്ങിയതിനു ശേഷം റബ്ബർകോട്ടോ മുറിവുണക്കാൻ സഹായിക്കുന്ന മറ്റേതെങ്കിലും പെട്രോളിയം ഉത്പന്നങ്ങളോ പുരട്ടുക.

**പട്ടചീയൽ:** റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യുമ്പോൾ പട്ടചീയൽ ഉണ്ടാകാതിരിക്കാൻ വെട്ടുപട്ട ആഴ്ചയിലൊരിക്കൽ കുമിൾനാശിനി ഉപയോഗിച്ച് കഴുകണം. ഇതിന് മാങ്കോസെബ് (0.375 ശതമാനം) അഞ്ചുഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ മിശ്രിതം മതിയാകും

**ഉത്തേജകൗഷധപ്രയോഗം**

മഴയില്ലെങ്കിൽ, ടാപ്പുചെയ്യുന്ന മരങ്ങളിൽ സെപ്റ്റംബറിൽ ഉത്തേജകൗഷധം പുരട്ടാം. പട്ടമരപ്പിന്റെ ലക്ഷണങ്ങൾ കാണുന്ന മരങ്ങളിലും ദിവസേനയോ ഒന്നിരാടമോ ടാപ്പുചെയ്യുന്ന മരങ്ങളിലും ഉത്തേജകൗഷധപ്രയോഗം ശുപാർശ ചെയ്യുന്നില്ല.

വെട്ടിയിറങ്ങിയ പട്ടയിൽ രണ്ടര ശതമാനം വീര്യമുള്ള എത്തഫോൺ ബ്രഷുപയോഗിച്ച് പുരട്ടുകയാണ് ചെയ്യുന്നത്. ടാപ്പിങ്ങിന്റെ ഇടവേളയും റബ്ബറിന്റെ ഇന വ്യത്യാസവുമനുസരിച്ച് ഉത്തേജകൗഷധപ്രയോഗത്തിന്റെ തോതും വ്യത്യാസപ്പെടും. ആർആർഐഐ 105 എന്ന ഇനം മൂന്നു ദിവസത്തിലൊരിക്കൽ (ആഴ്ചയിൽ രണ്ട്) ടാപ്പുചെയ്യുമ്പോൾ ആണ്ടിൽ മൂന്നു തവണയും (ഏപ്രിൽ/മെയ്/ജൂൺ, സെപ്റ്റംബർ, നവംബർ മാസങ്ങളിൽ) നാലു ദിവസത്തിലൊരിക്കൽ (രണ്ടാഴ്ചയിൽ മൂന്ന്) ടാപ്പുചെയ്യുമ്പോൾ ആണ്ടിൽ ആറു തവണയും (ഏപ്രിൽ/മെയ്, ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ, നവംബർ, ഡിസംബർ മാസങ്ങളിൽ) ആഴ്ചയിൽ ഒന്ന് എന്ന കണക്കിൽ ടാപ്പുചെയ്യുമ്പോൾ ആണ്ടിൽ 12 തവണയും (എല്ലാമാസവും ഓരോ തവണ) ഉത്തേജകൗഷധപ്രയോഗം നടത്താം.

ആർആർഐഐ 430 എന്ന ഇനം മൂന്നു ദിവസത്തിലൊരിക്കൽ (ആഴ്ചയിൽ രണ്ട്) ടാപ്പുചെയ്യുമ്പോൾ ആണ്ടിൽ മൂന്നു തവണയും (ഏപ്രിൽ/മെയ്/ജൂൺ, സെപ്റ്റംബർ, നവംബർ മാസങ്ങളിൽ) ആഴ്ചയിൽ ഒന്ന് എന്ന കണക്കിൽ ടാപ്പുചെയ്യുമ്പോൾ ആണ്ടിൽ 12 തവണയും (എല്ലാമാസവും ഓരോ തവണ) ഉത്തേജകൗഷധപ്രയോഗം നടത്താം. ആർആർഐഎം 600, ജി.റ്റി. 1 എന്നീ ഇനങ്ങൾ മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പു ചെയ്യുമ്പോൾ നാലു തവണയും (ഏപ്രിൽ/മെയ്/ജൂൺ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ) ജി.റ്റി. 1 നാലുദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുമ്പോൾ ആണ്ടിൽ ഏഴു തവണയും (ഏപ്രിൽ/മെയ്, ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ, ജനുവരി) ഉത്തേജകൗഷധം പ്രയോഗിക്കാം. ●

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്
# പരിശീലനപരിപാടികൾ

## 2025 സെപ്റ്റംബർ മാസത്തെ പരിശീലനപരിപാടികൾ

1. **തേനീച്ചവളർത്തൽ**
റബ്ബർകൃഷിയോടൊപ്പം അനുബന്ധ വരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ ഏകദിനപരിശീലനം (ഓൺലൈൻ) സെപ്റ്റംബർ 02-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **മലിനജല സംസ്കരണം**
മലിനീകരണനിയന്ത്രണത്തെക്കുറിച്ചും മലിനജലം സംസ്കരിക്കുന്നതിനുള്ള നൂതന മാർഗങ്ങളെക്കുറിച്ചും അറിവ് നൽകുന്നതിനുള്ള പരിശീലനം സെപ്റ്റംബർ 09, 10 തീയതികളിൽ നടക്കും പരിശീലനഫീസ് 7000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **റെയിൻഗാർഡിങ്**
റബ്ബർമരങ്ങളിൽ റെയിൻഗാർഡു ചെയ്യുന്നതിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം സെപ്റ്റംബർ 08-ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **റബ്ബർകൃഷി (വടക്കുകിഴക്കൻ മേഖലയിലെയും പാരമ്പര്യേതര മേഖലയിലെയും കർഷകർക്ക്)**
വടക്കുകിഴക്കൻ മേഖലയിലെയും പാരമ്പര്യേതര മേഖലയിലെയും കർഷകർക്കായി റബ്ബർകൃഷി പരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം സെപ്റ്റംബർ 15 മുതൽ 17 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗ-കീടങ്ങളുടെ നിയന്ത്രണം, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലന പരിപാടിയിൽ ഉൾപെടുത്തിയിട്ടുണ്ട്. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).



**5. ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്**

വിവിധ തരത്തിലുള്ള ഇടവേള കൂടിയ ടാപ്പിങ് രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നിവ ഉൾപ്പെടുത്തിയുള്ള പരിശീലനം സെപ്റ്റംബർ 19-ന് നടക്കും. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**6. ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമാണം**

ഉണക്കറബ്ബറിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം സെപ്റ്റംബർ 15 മുതൽ 19 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർ കോമ്പൗണ്ടിങ്, പ്രോസ്സസ് കൺട്രോൾ ടെസ്റ്റുകൾ, വൾക്കനൈസേറ്റ്സ് ടെസ്റ്റിങ്, എം.എസ്.എം.ഇ. സ്കീമുകൾ, മാർക്കറ്റിങ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്നു. റബ്ബർവ്യവസായമേഖലയിൽ നിന്നുള്ള സംരംഭകർ, സാങ്കേതികോദ്യോഗസ്ഥർ, സ്റ്റാർട്ടപ്പ് മിഷനുകളിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് പങ്കെടുക്കാം. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 6000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**7. വളമിടൽ**

റബ്ബർമരങ്ങളുടെ വളമിടലിനെക്കുറിച്ചുള്ള പരിശീലനം സെപ്റ്റംബർ 22-ന് നടക്കും. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടംമേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**8. ഉണക്കറബ്ബർ നിർണയം**

റബ്ബർപാലിലെ ഉണക്കറബ്ബറിന്റെ അംശം നിർണയിക്കുന്നത് സംബന്ധിച്ചുള്ള പരിശീലനം സെപ്റ്റംബർ 22 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 04812353127 (വ്യവസായം), 9495928077 (കൃഷി), 9495928077 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# കർക്കിടകമാസ ചിന്തകളും പ്രയോഗപാഠങ്ങളും

കർക്കിടകം അതിന്റെ കറുത്ത ചേലയുടുത്ത് ഇറങ്ങുമ്പോൾ മലയാളി ജിവിതത്തിനുവേണ്ട കരുതലുകൾ സ്വീകരിക്കുന്നു. കർക്കിടകം നമ്മുടെ ആരോഗ്യത്തിനും ആത്മീയതയ്ക്കും സുരക്ഷ ആവശ്യപ്പെടുന്ന കാലമാണ്. സുഖചികിത്സയും ഔഷധക്കഞ്ഞിയും രാമായണ പാരായണവുമൊക്കെ ചേർന്ന് കർക്കിടകമാസത്തെ അടയാളപ്പെടുത്തുന്നു. ഋതുക്കളാണ് കാർഷികാചാരങ്ങൾ നിർണയിച്ചിരുന്നത് എന്നു പറഞ്ഞാൽ അത് തെല്ലൊരു അതിരുകടന്ന അവകാശവാദമാണെന്ന് തോന്നിയേക്കാം. എന്നാൽ ആചാരങ്ങളിലേറെയും ഋതുക്കളുമായി ഇഴചേർന്നിരിക്കുന്നു എന്നത് അനുഭവവേദ്യമായ പരാമർശമാണ്. പ്രസന്നമായ ഋതുക്കൾ ആചാരങ്ങളെ ആഹ്ലാദഭരിതമായ ആഘോഷങ്ങളുമായി ചേർത്തുവയ്ക്കുന്നു. എന്നാൽ ജീവിതം ദുരിതപൂർണവും ദുർഘടവുമാക്കുന്ന ഋതുക്കളെത്തുമ്പോൾ ആചാരങ്ങൾ അനുഷ്ഠാനത്തിലേക്ക് വഴിമാറുന്നു. മാത്രമല്ല യൂട്യൂബും യൂട്യൂബർമാരും ചേർന്ന്, കർക്കിടകത്തിലെ ആചാരാനുഷ്ഠാനങ്ങൾക്കടക്കം എന്തിനും ഏതിനും പുതിയ ഭാവതലങ്ങൾ സൃഷ്ടിച്ചെടുക്കുകയുമാണ്. അതുകൊണ്ടുതന്നെ ആർഭാടങ്ങളുടെ ആരവമില്ലാതെ ഏറെ ലാളിത്യത്തോടെ പൂർവികമായ ആചരിച്ചുപോന്ന ആചാരങ്ങളെ‌ാക്കെയും പുതിയ വിതാനങ്ങൾ തേടുകയാണിപ്പോൾ.

പുതിയകാലം അതിന്റെ സഹജമായ ധാടിമോടികളാൽ ആചാരങ്ങളുടെ നൈസർഗികമായ ശോഭ കെടുത്തിയാലും മലയാളി കർക്കിടകത്തെ കാണാതിരിക്കുന്നില്ല, 'പഞ്ഞക്കർക്കിടകം' എന്ന ചെല്ലപ്പേരു ചാർത്തിയാണ് കർക്കിടകത്തെ വരവേറ്റിരുന്നത്. പൊതുവേ ദാരിദ്ര്യത്തിന്റെയും രോഗപീഢകളുടെയും കാലമായതിനാലാകാം കർക്കിടകം കഴിഞ്ഞാൽ ദുർഘടം തീർന്നു എന്ന് കാരണവന്മാർ പറഞ്ഞുപോന്നത്.

കർക്കിടകത്തിൽ ചേന കട്ടിട്ടും കൂട്ടണം.
കർക്കിടകത്തിൽ പത്തുണക്ക്.
കർക്കിടകത്തേങ്ങ കർക്കിടകക്കൂരി.
കർക്കിടകത്തിൽ കണക്കെടുപ്പ്.
കർക്കിടകത്തിൽ പത്തിലക്കറി മതി.

ഇങ്ങനെ കർക്കിടകമാസവുമായി സന്നിവേശിക്കുന്ന പഴമൊഴികളും നിരവധിയാണ്.

കർക്കിടകത്തിൽ പത്തില കൂട്ടണമെന്നത് ഒരു സാമ്പ്രദായികരീതിയായിരുന്നു. ദേവന്മാർ ഇലകളിൽ അമൃത് തളിക്കുന്ന മാസമാണിതെന്നാണ് വിശ്വാസം. അതിനാൽ ഈ ഇലകൾ ചേർത്തുണ്ടാക്കുന്ന കറികൾക്ക് ഗുണമേറുമെന്നാണ് വിശ്വാസം. മകരം-കുംഭം, മീനം മാസങ്ങളിലെ കഠിനമായ സൂര്യതാപത്താൽ ഉണങ്ങിക്കരിഞ്ഞുനിൽക്കുന്ന ഇലച്ചെടികൾ ഇടവപ്പാതിയോടെ പുതിയ നാമ്പിട്ട് ഇളംതാളിച്ച് വളരുന്നതിനാൽ സ്വാഭാവികമായും പച്ചിലകൾക്ക് ഗുണമേറും. പ്രത്യേകിച്ച് സവിശേഷമായ തിരുവാതിര ഞാറ്റുവേലക്കാലത്ത് അമൃതുമഴ പെയ്യുമെന്നായിരുന്നല്ലോ പരമ്പരാഗത വിശ്വാസവും. താള്, തകര, ചീര, ചേമ്പ്, മത്തൻ, കുമ്പളം, ചേന, പയറ്, നെയ്യുണ്ണി, തഴുതാമ എന്നിവയാണ് ഈ പത്തിലകൾ. ഇവ കൂടാതെ വേലിച്ചീര, മണിത്തക്കാളി എന്നിവയുടെ ഇലകളും പ്രാദേശിക ലഭ്യതയനുസരിച്ച് ഉപയോഗിക്കാറുണ്ട്.

മറ്റ് കായ്കറികളെ അപേക്ഷിച്ച് പച്ചിലകളിൽ ഉൾച്ചേർന്നിട്ടുള്ള സെല്ലുലോസ് ദഹിപ്പിക്കാൻ പര്യാപ്തമായ എൻസൈമുകൾ മനുഷ്യരിൽ താരതമ്യേന കുറവാണ്. എന്നാൽ കർക്കിടക മാസത്തിൽ പച്ചിലകളിൽ സെല്ലുലോസിന്റെ അളവ് കുറയുന്നതിനാൽ ദഹന പ്രക്രിയ കുറച്ചുകൂടി അനായാസമാകുന്നു. ജീവകം എ, സി, കെ, ഫിനോളിക്ക് കോമ്പൗണ്ട്സ്, ആന്റി ഓക്സിഡന്റ്സ് എന്നിവ പച്ചിലകളിൽ നല്ലതോതിലുള്ളതിനാൽ ശരീരകോശങ്ങളുടെ പുനരുജ്ജീവനത്തിനും രോഗ പ്രതിരോധത്തിനും ഔഷധം കണക്കേ ഇവ സഹായകമാകുന്നു. സർവ്വോപരി പച്ചിലകളിൽ സമൃദ്ധമായി നാരുകൾ അടങ്ങിയിരിക്കുന്നതിനാൽ ഉപാപചയ പ്രക്രിയെ സുഗമമാക്കുകയും ചെയ്യുന്നു.

ഈ പത്തിലകളിൽ ഒന്നുരണ്ട് ഇലകൾ ആഹരിക്കുന്നതിന്റെ പ്രാധാന്യം പരിശോധിക്കാം. ഉദാഹരണത്തിന് മത്തന്റെ ഇലയാകട്ടെ - സോഡിയം, സിങ്ക്, പൊട്ടാസ്യം, മഗ്നീഷ്യം, റിബോഫ്ളേവിൻ എന്നിവ നല്ലതോതിൽ മത്തനില കഴിക്കുന്നതിലൂടെ ശരീരത്തിന് ലഭ്യമാകുന്നു. തഴുതാമയുടെ ഇല ഭക്ഷണത്തിന്റെ ഭാഗമാക്കിയാൽ പൊട്ടാസ്യം നൈട്രേറ്റ് വേണ്ടത്ര ലഭിക്കയും കരളിന്റെയും വൃക്കയുടെയും സുരക്ഷയ്ക്ക് ഏറെ ഫലപ്രദമായി മാറുകയും ചെയ്യും. മാത്രമല്ല യഥാവിധിയുള്ള മൂത്രവിസർജനത്തെ സഹായിക്കുകയും ചെയ്യുന്നു. ചേമ്പിലയാണ് 'താള്' ഇത് കറിവച്ചും തോരനാക്കിയും ആവശ്യാധിഷ്ഠിതമായി ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ ഗുണ സവിശേഷതകളേറെയുള്ള നാരുകൾ ഏറെയുള്ളതിനാൽ ഇവയിൽ അടങ്ങിയിരിക്കുന്ന അന്നജം അനായാസേന ദഹിച്ച് കിട്ടുന്നു. രക്തശുദ്ധി, രക്തസ്രാവനിയന്ത്രണം എന്നിവയ്ക്കും അധികരിച്ച കൊളസ്ട്രോളിനെ നിയന്ത്രിച്ച്

നിർത്തുന്നതിനും സഹായിക്കുന്നു. നോക്കൂ, വലിയ പണച്ചെലവില്ലാതെ കൈയ്യെത്തും ദൂരത്ത് നമ്മുടെ തൊടികളിൽ സാർവ്വത്രികമായി വളരുന്ന ഇലച്ചെടികൾ കഴിക്കുന്ന ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ മെഡിക്കൽ ഷോപ്പിൽ നിന്നും പണംകൊടുത്ത് വാങ്ങുന്ന മരുന്ന് നല്ലൊരളവ് ഒഴിവാക്കാൻ കഴിയും. കർക്കിടകത്തിൽ മാത്രല്ല ഏത് മാസത്തിലും കഴിയാവുന്നത്ര ഇലക്കറികൾ ആഹാരത്തിന്റെ ഭാഗമാക്കാൻ നാം ജാഗ്രത കാണിക്കണം.

ഈ കാര്യത്തിൽ അയൽനാടുകളായ തമിഴകവും കർണാടകവും മഹാരാഷ്ട്രയുമെല്ലാം നമുക്ക് അനുകരണീയ മാതൃകകളാണ്. ഒരുപക്ഷേ നിത്യഭക്ഷണത്തിൽ ഏറ്റവുമധികം ഇലക്കറികൾ ഉൾപ്പെടുത്തുന്നത് മറാഠികളാണ്. മറ്റ് കായ്കറികളേക്കാൾ പ്രാധാന്യം അവർ ഇലക്കറികൾക്ക് നൽകുന്നു. ഏതെങ്കിലും രണ്ടിനം ഇലക്കറികളെങ്കിലും ഭക്ഷണത്തിൽ ഉൾപ്പെടുത്തി ആഹരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇലക്കറികളുടെ ഉപഭോഗം സൂക്ഷ്മമായി പരിശോധിച്ചാൽ താരതമ്യേന ഏറ്റവും കുറച്ച് ഇലക്കറികൾ കഴിക്കുന്നത് മലയാളികളായ നമ്മൾതന്നെയാണ്. അതുകൊണ്ടുതന്നെ കർക്കിടകമാസത്തിലെങ്കിലും വേണ്ടത്ര ഇലച്ചെടികൾ ആഹരിക്കട്ടെയെന്ന പൂർവ്വികരുടെ ദീർഘദർശനം കുടിയാകാം കർക്കിടകത്തിൽ പത്തില എന്ന ഈ പരമ്പരാഗത പ്രയോഗരീതിയുടെ പ്രേരണ.

മാത്രമല്ല ആഞ്ഞിലിക്കുരു (അയണിക്കുരു) വറുത്ത് തിന്നുക, അരിത്തവിടിൽ ശർക്കരയും നാളീകേരവും ചേർത്തുള്ള തവിടപ്പം, മാങ്ങയണ്ടി സൂക്ഷിച്ചുവച്ച് അതിന്റെ കട്ടിയുള്ള തോട് നീക്കി പരിപ്പ് നന്നായി അരച്ച് തിളപ്പിച്ച് അതിന്റെ കട്ട് ഊറ്റിക്കളഞ്ഞ് നൂറെടുത്ത് ആവശ്യത്തിന് ശർക്കര ചേർത്ത് അടയുണ്ടാക്കി കഴിക്കുക തുടങ്ങിയ ഭക്ഷണക്രമവും കർക്കിടക മാസത്തിൽ അനുവർത്തിച്ചിരുന്നു. കർക്കിടകത്തിൽ വിളവെടുക്കാൻ പാകത്തിൽ കൃഷി ചെയ്തെടുത്തിരുന്ന ചേനയും ചേമ്പും പഴമക്കാർ ഈ സമയത്തെ പ്രധാന ഭക്ഷ്യവിഭവമാക്കി മാറ്റിയിരുന്നു. കൃഷിയും കൃഷിയിൽ നിന്നുള്ള ആദായവും പ്രധാന ജീവിതമാർഗമായതിനാൽ കൃഷിക്കാരും കൃഷിയെ ഉപജീവിച്ച് നിത്യവൃത്തികഴിച്ചിരുന്ന കർഷകത്തൊഴിലാളികളും യാതൊരു പണിയുമില്ലാതെ വീടിനുള്ളിൽതന്നെ കഴിയുന്ന ദുർഘടം പിടിച്ച കള്ളകർക്കിടകത്തിലെ അതിജീവനത്തിന് ഇതൊക്കെ ജീവിതചര്യയാക്കേണ്ടിയും വന്നു. പക്ഷേ ഇതൊക്കെയും തൊടിയിലെ നന്മയും ജീവനഔഷധവുമായിരുന്നു എന്നതാണ് പരമാർത്ഥം.

കർക്കിടകചികിത്സയും മരുന്നുസേവയും മരുന്നുകഞ്ഞിയും ഭക്ഷണവുമെല്ലാം വീടും തൊടിയും കേന്ദ്രീകരിച്ചായിരുന്നു. കർക്കിടകമാസത്തെ ചികിത്സായെന്നാൽ 'ശുദ്ധിയിൽ' കേന്ദ്രീകരിച്ചുള്ള ഒരു ജീവിതക്രമം എന്നതാണ് ഉദ്ദേശിക്കുന്നത്. ശരീരത്തിന്റെ, മനസ്സിന്റെ, ഇന്ദ്രിയങ്ങളുടെ, ചിന്തയുടെ, ബുദ്ധിയുടെ, കർമങ്ങളുടെ, വാക്കിന്റെ വിശുദ്ധിയാണത്. ശരീരം, മനസ്സ്, പ്രവൃത്തി എന്നിവയെല്ലാം ശുദ്ധമാക്കുന്നതോടൊപ്പം വീടും തൊടിയും വൃത്തിയാക്കി പരിസരശുദ്ധി ഉറപ്പുവരുത്താൻ പഴയതലമുറ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വിറ്റവില ന്യൂനം വാങ്ങിയവില സമം ലാഭം എന്നത് വർത്തമാനകാല ജീവിതത്തിന്റെ സമവാക്യമായി മാറിയപ്പോൾ കർക്കിടകമാസവും ഒപ്പം ചിരപുരാതനമായ ആചാരനന്മകളുമെല്ലാം ലാഭകരമായ വിപണന പ്രോഡക്ക്ടുകളായി മാറി! നാട്ടിൻപുറത്തെ മുറുക്കാൻകടയിൽപോലും ഇപ്പോൾ മരുന്നുകഞ്ഞിയുടെ 'റെഡി ടു യൂസ്' കിറ്റ് ലഭ്യമാണ്. കണ്ണഞ്ചിപ്പിക്കുന്ന പരസ്യങ്ങളുടെ പിൻബലത്തോടെ മിക്കവാറും ആയുർവേദചികിത്സാകേന്ദ്രങ്ങളൊക്കെയും സുഖചികിത്സാകേന്ദ്രങ്ങളായി പരിവർത്തിക്കുകയും ചെയ്യുന്നു.

മനുഷ്യർക്ക് മാത്രമല്ല കന്നുകാലികൾക്കും വിശിഷ്യാ ഉഴവുകാളകൾക്കും വണ്ടിക്കാളകൾക്കും കർക്കിടകത്തിൽ മരുന്നും വിശ്രമവും നൽകാൻ കർഷകർ ശ്രദ്ധിച്ചിരുന്നു. കാഞ്ഞിരവടിയുടെ അടിയേറ്റ് തുട മുഴുവൻ വടുക്കൾ വീണ ഉഴവുകാളകളെ കർക്കിടകത്തിൽ നന്നായി എള്ളെണ്ണ തിരുമ്മി കുളിപ്പിച്ച് ഔഷധപ്രധാനമായ മരുന്നുകഞ്ഞി നൽകി വിശ്രമിക്കാൻ അനുവദിച്ചിരുന്നു. കറ്റടിനായകം അഥവാ ഒരുവേരൻ എന്ന ചെടിയുടെ വേരും മുതിരയും കരുപ്പെട്ടിയും ആശാളിയും തവിടുകളയാത്ത നല്ലരിയും ചേർത്തുണ്ടാക്കുന്ന ഔഷധക്കഞ്ഞി കന്നുകാലികൾക്ക് നൽകുന്ന സൂപ്പായിരുന്നു. ചെമ്പുരുളിയിൽ ഈ കഞ്ഞി നന്നായി തിളച്ച് പാകമാകുമ്പോൾ ചോരച്ചുവപ്പ് നിറമാകും. ഇത് നോക്കി നിന്നാൽ കൊതി പറ്റുമെന്നായിരുന്നു കാരണവന്മാരുടെ വിശ്വാസം. അതുകൊണ്ടുതന്നെ കുട്ടികളും മറ്റും ഈ കഞ്ഞി തയ്യാറാക്കുന്ന അടുപ്പിനടുത്തേക്ക് വരാതിരിക്കാൻ ശ്രദ്ധിക്കുമായിരുന്നു.

കർക്കിടകത്തിലെ പരമപ്രധാനമായ പിതൃതർപ്പണബലികർമങ്ങളുടെ കഥയും കാര്യങ്ങളുംകൂടി പറഞ്ഞ് ഈ കർക്കിടകചിന്തകൾക്ക് വിരാമമിടാം. ദക്ഷിണായനത്തിലെ ആദ്യ അമാവാസിയാണ് കർക്കിടകവാവ്. ദക്ഷിണായനം പിതൃപ്രധാനവും ഉത്തരായനം ദേവപ്രധാനവുമായാണ് കരുതിപ്പോരുന്നത്. പിതൃക്കൾ ഗൃഹസന്ദർശനത്തിനായെത്തുന്ന ദിവസമെന്ന പ്രാധാന്യത്തോടെയാണ് കർക്കിടകവാവിനെ കാണുന്നത്. അരിപ്പൊടിയും ശർക്കരയും നാളികേരവും ചേർത്ത് വയണയിലയിൽ വാവടയുണ്ടാക്കി അനന്തരാവകാശികൾ പിതൃക്കളെ കാത്തിരിക്കുമത്രേ. കോരിച്ചൊരിയുന്ന മഴയത്ത് പുട്ടിലും ചൂടിയാണ് പിതൃക്കൾ വരുന്നതത്രേ. ഭൂമിയിലേക്കുള്ള കടത്തുകാശ് കടം പറഞ്ഞാണ് വരവ്, മടക്കയാത്രയിൽ സുഗന്ധവും മാധുര്യവുമുള്ള സ്വാദിഷ്ടമായ വാവട കൊടുത്ത് കടത്തുകാശിന്റെ ബാധ്യത തീർക്കുമെന്നാണ് വിശ്വാസം! ബലികർമാദികൾ നടത്താൻ ഏറ്റവും ഉത്തമമായ ഇടങ്ങൾ മൂന്നാണ്. അതായത് ഇല്ലം, വല്ലം, നെല്ലി എന്നീ മൂന്നിടങ്ങൾ. ഇല്ലം നമ്മുടെ സ്വന്തം വീടാണ്, വല്ലം തിരുവല്ലവും, നെല്ലി തിരുനെല്ലിയുമാണ്. പക്ഷേ ഇപ്പോഴിതാ ക്ഷേത്രസാന്നിദ്ധ്യവും അത്യാവശ്യം മുങ്ങിക്കുളിക്കാൻ പാകത്തിൽ നദിയൊഴുകുകയും സൗകര്യപ്രദമായ സ്ഥലം ലഭ്യമാകുകയും ചെയ്യുന്ന എവിടെയും ബലിതർപ്പണമാകാം എന്നതാണവസ്ഥ! 'ദർഭേ കുശേ ഞാങ്ങണേ ഒന്നുമില്ലെങ്കിൽ വൈക്കോൽ', 'ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം', 'കഥയറിയാതെ ആട്ടം കാണുക' തുടങ്ങിയ പല പഴമൊഴികളും ഇവിടെ ചേരുംപടി മനോധർമ്മംപോലെ നമുക്ക് ചേർത്തു വെയ്ക്കാം.

മനുഷ്യനും പ്രകൃതിയുമായുള്ള ജൈവബന്ധത്തിന്റെ നിദർശനമാണ് കർക്കിടകമാസ ആചാരാനുഷ്ഠാനങ്ങളൊക്കെയും. ദാരിദ്ര്യം, പട്ടിണി തുടങ്ങിയ വാക്കുകൾ പോലും നമ്മുടെ നിത്യവ്യവഹാരഭാഷയിൽ നിന്ന് തേഞ്ഞുമാഞ്ഞില്ലാതായ കാലമാണിത്. ആഹരിക്കുന്നതിനേക്കാളേറെ ഭക്ഷണം കൊണ്ട് കുപ്പത്തൊട്ടികൾ നിറയുന്നതാണീ പുതിയ കാലം. ചുരുക്കത്തിൽ 'പഞ്ഞക്കർക്കിടകം', 'കർക്കിടകം കഴിഞ്ഞാൽ ദുർഘടം തീർന്നു' തുടങ്ങിയ പ്രയോഗങ്ങളും നമുക്ക് അന്യമാവുകയാണ്.

പക്ഷേ കർക്കിടകത്തോടു ചേർന്ന ചിരപുരാതനമായ അറിവുകളും പ്രമാണങ്ങളും ആചാരങ്ങളും എന്നെന്നേക്കുമായി തേഞ്ഞുമാഞ്ഞുപോകുംമുമ്പ് നമുക്കവ കുറേശ്ശെയായെങ്കിലും കരുതിവയ്ക്കാം. വിവേകശാലികളും അന്വേഷണതൽപരരുമായ ഏതെങ്കിലും ഒരു തലമുറയ്ക്ക് പ്രയോജനപ്പെട്ടാലോ? •

## റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2025 ജൂലൈ 1 | 20100 | 19800 | 14265 | 20100 | 19800 | 19486 | 19407 |
| 2025 ജൂലൈ 2 | 20150 | 19850 | 14265 | 20150 | 19850 | 19584 | 19505 |
| 2025 ജൂലൈ 3 | 20200 | 19900 | 14265 | 20200 | 19900 | 19457 | 19378 |
| 2025 ജൂലൈ 4 | 20250 | 19950 | 14265 | 20250 | 19950 | 19453 | 19373 |
| 2025 ജൂലൈ 5 | 20250 | 19950 | അവധി | 20250 | 19950 | അവധി | അവധി |
| 2025 ജൂലൈ 6 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ജൂലൈ 7 | 20300 | 20000 | 14160 | 20300 | 20000 | 19292 | 19213 |
| 2025 ജൂലൈ 8 | 20400 | 20100 | 14160 | 20400 | 20100 | 19294 | 19215 |
| 2025 ജൂലൈ 9 | 20450 | 20150 | 14160 | 20450 | 20150 | 19212 | 19133 |
| 2025 ജൂലൈ 10 | 20500 | 20150 | 14215 | 20500 | 20150 | അവധി | അവധി |
| 2025 ജൂലൈ 11 | 20600 | 20200 | 14265 | 20600 | 20200 | ലഭ്യമല്ല | ലഭ്യമല്ല |
| 2025 ജൂലൈ 12 | 20650 | 20250 | അവധി | 20650 | 20250 | അവധി | അവധി |
| 2025 ജൂലൈ 13 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ജൂലൈ 14 | 20750 | 20350 | 14370 | 20750 | 20350 | 19330 | 19251 |
| 2025 ജൂലൈ 15 | 20800 | 20400 | 14475 | 20800 | 20400 | 19473 | 19394 |
| 2025 ജൂലൈ 16 | 20900 | 20500 | 14580 | 20900 | 20500 | 19468 | 19388 |
| 2025 ജൂലൈ 17 | 20900 | 20500 | 14690 | 20900 | 20500 | 19509 | 19430 |
| 2025 ജൂലൈ 18 | 21000 | 20600 | 14795 | 21000 | 20600 | 19636 | 19557 |
| 2025 ജൂലൈ 19 | 21050 | 20650 | അവധി | 21050 | 20650 | അവധി | അവധി |
| 2025 ജൂലൈ 20 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ജൂലൈ 21 | 21150 | 20750 | 14795 | 21150 | 20750 | 19853 | 19773 |
| 2025 ജൂലൈ 22 | 21200 | 20800 | 14795 | 21200 | 20800 | 19878 | 19798 |
| 2025 ജൂലൈ 23 | 21300 | 20900 | 14795 | 21300 | 20900 | 19871 | 19791 |
| 2025 ജൂലൈ 24 | 21300 | 20900 | 14795 | 21300 | 20900 | 19755 | 19675 |
| 2025 ജൂലൈ 25 | 21300 | 20900 | 14690 | 21300 | 20900 | 19619 | 19539 |
| 2025 ജൂലൈ 26 | 21300 | 20900 | അവധി | 21300 | 20900 | അവധി | അവധി |
| 2025 ജൂലൈ 27 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ജൂലൈ 28 | 21200 | 20800 | 14580 | 21200 | 20800 | ലഭ്യമല്ല | ലഭ്യമല്ല |
| 2025 ജൂലൈ 29 | 21100 | 20700 | 14475 | 21100 | 20700 | ലഭ്യമല്ല | ലഭ്യമല്ല |
| 2025 ജൂലൈ 30 | 20900 | 20500 | 14160 | 20900 | 20500 | 19060 | 18980 |
| 2025 ജൂലൈ 31 | 20700 | 20300 | 14055 | 20700 | 20300 | ലഭ്യമല്ല | ലഭ്യമല്ല |
| **ശരാശരി** | **20767** | **20398** | **14438** | **20767** | **20398** | **19513** | **19433** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല – പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ഏപ്രിൽ 2025 | ഏപ്രിൽ 2024 | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ | ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ |
|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) |
| **ഉത്പാദനം** (ടൺ) | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 21250 | 19475 | 550875 | 542175 | |
| ബ്ലോക്കുറബ്ബർ | 14850 | 12500 | 197500 | 190920 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 7000 | 7050 | 107350 | 101895 | |
| മറ്റുള്ളവ | 900 | 975 | 19275 | 22010 | |
| **ആകെ** | **44000** | **40000** | **875000** | **857000** | 2.1 |
| **ഉപഭോഗം*** (ടൺ) | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 52000 | 51800 | 584950 | 589345 | |
| ബ്ലോക്കുറബ്ബർ | 52500 | 53500 | 680700 | 684010 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 10000 | 7600 | 108700 | 108405 | |
| മറ്റുള്ളവ | 3500 | 2600 | 35650 | 34240 | |
| **ആകെ** | **118000** | **115500** | **1410000** | **1416000** | -0.4 |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **72908** | **78361** | **946230** | **952495** | -0.7 |
| **ഇറക്കുമതി/കയറ്റുമതി** (ടൺ) | | | | | |
| **ഇറക്കുമതി (p)** | 42247 | 40166 | 550918 | 492682 | |
| **കയറ്റുമതി (p)** | 266 | 237 | 4819 | 4199 | |

**2025 ഏപ്രിൽ അവസാനത്തെ സ്റ്റോക്ക്** (ടൺ)

| | | | |
|---|---|---|---|
| കർഷകർ | 72000 | ഷീറ്റുറബ്ബർ | 212000 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 114000 | ബ്ലോക്കുറബ്ബർ | 81500 |
| ടയർനിർമ്മാതാക്കൾ (C) | 114000 | റബ്ബർപാൽ (ഡി. ആർ. സി.) | 29500 |
| മറ്റു വ്യവസായികൾ | 50000 | മറ്റുള്ളവ | 27000 |
| **ആകെ** | **350000** | **ആകെ** | **350000** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്,
C- ട്രാൻസിറ്റ് ഉൾപ്പെടെ

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്




CBC
RUBBER MIX
ഉത്പാദനത്തിൽ വൻ വർദ്ധനവ് എന്ന് കർഷകർ
സാക്ഷ്യപ്പെടുത്തിയ CBC റബ്ബർ മിക്സ്
46 വർഷം
പിന്നിട്ടിരിക്കുന്ന SIF ന്റെ ഉത്കൃഷ്ട ഉത്പന്നം
കരുത്തുറ്റ മരങ്ങൾക്കും കൊഴുപ്പേറിയ പാലിനും
മറ്റ് ഉത്പന്നങ്ങൾ:
CBC Cardamom Special, CBC Coconut Mix,
CBC Plantain Mixture, CBC Nutmeg Special etc.
ORGANIC 100%
INDOCERT
sif
ESTD. 1979
South Indian Fertilizers
MANUFACTURERS OF CONCENTRATED ORGANIC MANURES & PESTICIDES
Ph: +917306394194, +919497165620, +917012785820, +917025732685
E-mail: sif@sif.in | Website: www.sif.in
Factory: Industrial Development Area, Edayar, Kochi-683 502, Ph: Mob: 9847055620
SINCE 1979
An ISO 9001-2015
Certified Company
ALL KERALA FREE DELIVERY AVAILABLE (MOQ -10BAGS)
DISTRIBUTION INQUIRIES, PLEASE CALL : +91 7306 394 194, +91 9497 165 620

RUBBER MONTHLY (MALAYALAM)
Published on 11 August 2025
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar